12
വ്യാഴം
ജനുവരി 2023
1198 ധനു 28
Vol0 5 Issue No.102

# കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 06
www.keralapranamam.com
infokeralapranamam@gmail.com

## കാസർകോഡ്: മഞ്ചേശ്വരം കോഴക്കേസിൽ ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ സുരേന്ദ്രനെതിരെ കുറ്റപത്രം സമർപ്പിച്ചു

**കാസർകോട്** ജില്ലാ കോടതിയിലാണ് ക്രൈം ബ്രാഞ്ച് കുറ്റപത്രം സമർപ്പിച്ചിരിക്കുന്നത്. ജാമ്യമില്ലാ വകുപ്പുകൾ ചുമത്തിയാണ് കുറ്റപത്രം. കെ സുരേന്ദ്രനടക്കം ആറുപേരാണ് പ്രതികൾ.
മഞ്ചേശ്വരത്ത് ബിഎസ്പി സ്ഥാനാർത്ഥിയായിരുന്ന സുന്ദരയ്ക്ക് സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനായി രണ്ടരലക്ഷം രൂപയും സ്മാർട്ട്ഫോണും നൽകിയെന്നും ഭീഷണിപ്പെടുത്തിയെന്നുമാണ് കേസ്. സുരേന്ദ്രന്റെ പേരിനോട് സാമ്യമുള്ള താൻ മത്സരിച്ചാൽ വോട്ട് കുറയുമെന്ന് ബിജെപി ആശങ്കപ്പെട്ടിരുന്നുവെന്നും നാമനിർദേശപത്രിക പിൻവലിക്കുന്നതിനായി കോഴ നൽകിയെന്നും 2021 ജൂൺ 5ന് ആണ് സുന്ദര വെളിപ്പെടുത്തിയത്. ഇടതുമുന്നണി സ്ഥാനാർത്ഥിയായിരുന്ന വി വി രമേശൻ നൽകിയ പരാതിയെ തുടർന്നാണ് കേസെടുത്തത്.
കെ സുരേന്ദ്രനാണ് മുഖ്യപ്രതി. ദുർബലമായ വകുപ്പുകളാണ് കേസിൽ ആദ്യം ചുമത്തിയിരുന്നതെന്നും, പട്ടികജാതി- പട്ടികവർഗ വകുപ്പുകൾ കൂടി ചേർക്കണമെന്നും മുൻപ് സ്പെഷ്യൽ പ്രോസിക്യൂട്ടർ അന്വേഷണസംഘത്തോട് നിർദേശിച്ചിരുന്നു. ഈ നിർദേശം സ്വീകരിച്ചാണ് ജാമ്യമില്ലാ വകുപ്പുകൾ കൂടി ചേർത്തത്.



## നിക്ഷേപ തട്ടിപ്പ്: പോലീസിനെ വെട്ടിച്ച് കടന്ന പ്രവീൺ റാണ പിടിയിൽ



കോയമ്പത്തൂർ: സേഫ് ആൻഡ് സ്ട്രോങ് നിക്ഷേപ തട്ടിപ്പ് കേസിലെ മുഖ്യ പ്രതി പ്രവീൺ റാണ പിടിയിലായി. തൃശ്ശൂർ പോലീസിനെ വെട്ടിച്ച് കൊച്ചിയിൽനിന്ന് രക്ഷപ്പെട്ട ഇയാളെ തമിഴ്നാട്ടിലെ കോയമ്പത്തൂരിലെ പൊള്ളാച്ചിയിൽ നിന്നാണ് പോലീസ് സംഘം പിടികൂടിയത്. ദിവസങ്ങൾക്കുമുമ്പ് തൃശ്ശൂരിൽനിന്നുള്ള പോലീസ് സംഘം, എറണാകുളത്ത് ഇയാൾ താമസിച്ചിരുന്ന ചിലവന്നൂരിലെ ഫ്ളാറ്റിലെത്തിയ ശേഷമാണ് ഇയാൾ രക്ഷപ്പെട്ടത്. കഴിഞ്ഞ ഏതാനും ദിവസങ്ങളിലായി തൃശ്ശൂർ ഈസ്റ്റ് പോലീസിന്റെ നേതൃത്വത്തിലുള്ള സംഘം പ്രവീൺ റാണയെ തേടി കൊച്ചിയിലുണ്ടായിരുന്നു. കൊച്ചി സിറ്റി പോലീസിനെ അറിയിക്കാതെയായിരുന്നു അവരുടെ പരിശോധന. പോലീസ് സംഘം പ്രവീണിന്റെ ഫ്ളാറ്റിലേക്ക് ലിഫ്റ്റിൽ കയറുമ്പോൾ മറ്റൊരു ലിഫ്റ്റിൽ ഇയാൾ പുറത്തു കടക്കുകയായിരുന്നു.രക്ഷപ്പെട്ട റാണ കാറിൽ ചാലക്കുടി ഭാഗത്തേക്ക് പോയതായാണ് പോലീസിന് വിവരം ലഭിച്ചത്. ഫ്ളാറ്റിൽനിന്ന് ഇയാൾ പോകുന്ന സി.സി. ടി.വി. ദൃശ്യങ്ങൾ പോലീസ് ശേഖരിച്ചിട്ടുണ്ട്. എന്നാൽ, ചാലക്കുടിയിൽ ഈ വാഹനം പോലീസ് തടഞ്ഞപ്പോൾ പ്രവീൺ ഇല്ലായിരുന്നു. ആലുവയ്ക്കും അങ്കമാലിക്കും ഇടയിൽ ഇയാൾ ഇറങ്ങിയതായാണ് സംശയം. പ്രവീണിന് കൊച്ചിയിൽ വൻ സാമ്പത്തിക ഇടപാടുകളുള്ളതായി വിവരം ലഭിച്ചിട്ടുണ്ട്. കൊച്ചിയിലെ വിവാദമായ ഒരു ബാർ ഹോട്ടലിൽ അടക്കം ഇയാൾക്ക് പങ്കാളിത്തമുണ്ടെന്നാണ് സൂചന. പുണെയിൽ ഡാൻസ് ബാറുമുണ്ട്. കൊച്ചിയിലടക്കം പോലീസ് ഉദ്യോഗസ്ഥരുമായും ഉന്നത രാഷ്ട്രീയക്കാരുമായും ഇയാൾക്ക് ബന്ധമുള്ളതായി പറയുന്നു.
ഡ്യൂപ്ലക്സ് ഫ്ളാറ്റുകളടക്കം സ്വന്തമായുണ്ട്. ഇതിന്റെ വിവരങ്ങൾ പോലീസ് ശേഖരിച്ചിട്ടുണ്ട്. ഫ്ളാറ്റ് പരിസരത്ത് കിടന്നിരുന്ന റാണയുടെ രണ്ട് കാറുകളടക്കം നാല് വാഹനങ്ങൾ പോലീസ് പിടിച്ചെടുത്തു.
പ്രവീൺ 'സേഫ് ആൻഡ് സ്ട്രോങ് നിധി' എന്ന പണമിടപാട് സ്ഥാപനം വഴി നൂറു കോടി രൂപ തട്ടിയെടുത്തുവെന്നാണ് കേസ്. 18 കേസുകളാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. 11 കേസുകൾ തൃശ്ശൂർ ഈസ്റ്റ് സ്റ്റേഷനിലും അഞ്ചെണ്ണം വെസ്റ്റ് സ്റ്റേഷനിലും ഒരെണ്ണം കുന്നംകുളം സ്റ്റേഷനിലുമാണ്. ഒരു ലക്ഷം മുതൽ 20 ലക്ഷം രൂപ വരെ നഷ്ടപ്പെട്ടവരായിരുന്നു പരാതിക്കാർ.

## കേരളത്തിന് ആശ്വാസം; ബഫർ സോൺ കരട് വിജ്ഞാപനത്തിൽ ഇളവ് പരിഗണിക്കാമെന്ന് സുപ്രീം കോടതി, ഹർജികൾ ഒന്നിച്ച് പരിഗണി

**തിരുവനന്തപുരം:** ബഫർ സോണിൽ കേരളത്തിന് ആശ്വാസമായി സുപ്രീം കോടതിയുടെ നിരീക്ഷണം. ബഫർ സോൺ കരട് വിജ്ഞാപനത്തിൽ ഇളവ് പരിഗണിക്കാമെന്ന് സുപ്രീം കോടതി പറഞ്ഞു.
വിധിയിൽ വ്യക്തത തേടിയുള്ള ഹർജികൾ തിങ്കളാഴ്ച പരിഗണിക്കുമെന്നും കോടതി അറിയിച്ചു. ഹർജികൾ ഒന്നിച്ചായിരിക്കും പരിഗണിക്കുന്നത്. സുപ്രീം കോടതിയുടെ കഴിഞ്ഞ വർഷം ജൂൺ മൂന്നിലെ വിധിയിൽ ഇളവു തേടിയാണ് ഹർജികൾ സമർപ്പിച്ചത്. ഹർജിയിൽ കേരളം കക്ഷി ചേർന്നിരുന്നു.
ജസ്റ്റിസ് ബി ആർ ഗവായ് അദ്ധ്യക്ഷനായ ബഞ്ചാണ് ഹർജികൾ പരിഗണിച്ചത്. കേരളത്തിന് വേണ്ടി മുതിർന്ന അഭിഭാഷകൻ ജഗദീപ് ഗുപ്ത, കർഷക സംഘടനകൾക്ക് വേണ്ടി അഭിഭാഷകൻ വീൽസ് മാത്യു, വി കെ ബിജു എന്നിവർ കോടതിയിൽ ഹാജരായിരുന്നു. കേരളത്തിലെ സാഹചര്യം കോടതിയെ അറിയിച്ചതിന് പിന്നാലെ കരട് വിജ്ഞാപനത്തിൽ ഉൾപ്പെട്ട വന്യജീവി സങ്കേതങ്ങളെ ഒഴിവാക്കുന്നത് സംബന്ധിച്ച കാര്യം പരിഗണിക്കാമെന്ന് വാക്കാൽ സുപ്രീം കോടതി അറിയിച്ചിരിക്കുകയാണ്.
കോടതിയുടെ നിരീക്ഷണം ആശ്വാസകരമാണെന്ന് താമരശ്ശേരി രൂപത ബിഷപ്പ് മാർ റെമിജിയോസ് ഇഞ്ചനാനിയേൽ പ്രതികരിച്ചു. സമരങ്ങളും ജനങ്ങളുടെ ബുദ്ധിമുട്ടുകളും കോടതിയുടെ നിരീക്ഷണത്തിൽ എത്തിയെന്നത് പ്രത്യാശ നൽകുന്നു. ജനങ്ങളുടെ ബുദ്ധിമുട്ടുകൾ കോടതിയിൽ അവതരിപ്പിക്കാനുള്ള അവസരം സർക്കാർ പ്രയോജനപ്പെടുത്തിയെങ്കിൽ മാത്രമേ സഹായകരമാവുകയുള്ളൂവെന്നും അദ്ദേഹം പറഞ്ഞു.
വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും ചുറ്റും ഒരു കിലോമീറ്റർ വീതിയിൽ ബഫർ സോൺ വേണമെന്ന വിധിയിലാണ് കേന്ദ്രവും കേരളവും ഇളവ് ആവശ്യപ്പെടുന്നത്. ജനസംഖ്യയുടെ ആധിക്യവും സ്ഥല ലഭ്യതയുടെ കുറവും കാരണം ആളുകളെ മാറ്റിപ്പാർപ്പിക്കാൻ കഴിയില്ലെന്നാണ് സംസ്ഥാന സർക്കാർ അപേക്ഷയിൽ വ്യക്തമാക്കിയത്. മുതിർന്ന അഭിഭാഷകരുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്രത്തിന്റെ ഹർജിയിൽ കക്ഷി ചേരാൻ കേരളം അപേക്ഷ നൽകിയത്. സ്റ്റാൻഡിംഗ് കോൺസൽ നിഷെരാജൻ ശങ്കർ വഴിയാണിത്. സംസ്ഥാനത്തെ 17 വന്യജീവി സങ്കേതങ്ങൾ,ആറ് ദേശീയോദ്യാനങ്ങൾ എന്നിവയ്ക്കുള്ള ബഫർ സോൺ



സംബന്ധിച്ച രൂപരേഖ കേന്ദ്രസർക്കാരിന് നൽകിക്കഴിഞ്ഞതായും, വിധി നടപ്പാക്കിയാൽ മംഗളവനം പക്ഷിസങ്കേതത്തിന്റെ 200 മീറ്റർ മാത്രം അകലെയുള്ള കേരള ഹൈക്കോടതിയെ ഉൾപ്പെടെ ബാധിക്കുമെന്നും ഹർജിയിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്

## വധശ്രമ കേസിലെ പ്രതിയായ ലക്ഷദ്വീപ് എം പിയ്ക്ക് പത്തുവർഷം തടവ് ശിക്ഷ; വിധി ജില്ലാ സെഷൻസ് കോടതിയുടേത്

കവരത്തി: വധശ്രമ കേസിലെ പ്രതി ലക്ഷദ്വീപ് എം പിയ്ക്ക് പത്തുവർഷം തടവ് ശിക്ഷ. എം പി മുഹമ്മദ് ഫൈസലിനെയാണ് കവരത്തി ജില്ലാ സെഷൻസ് കോടതി ശിക്ഷിച്ചത്.മുഹമ്മദ് ഫൈസലിന്റെ സഹോദരങ്ങൾ അടക്കം നാലുപേർക്കാണ് ശിക്ഷ. 2009ലെ തെരഞ്ഞെടുപ്പിന് ഇടയിൽ ഉണ്ടായ സംഘർഷത്തിൽ മുഹമ്മദ് സാലിഹ് എന്ന കോൺഗ്രസ് പ്രവർത്തകനെ ആക്രമിച്ച് ഗുരുതരമായി പരിക്കേൽപ്പിച്ചതിനാണ് ശിക്ഷ.
ഒരു ഷെഡ് സ്ഥാപിച്ചതിനേത്തുടർന്നുള്ള തർക്കമാണ് അക്രമത്തിൽ കലാശിച്ചത്. 32 പേരാണ് കേസിലെ പ്രതികൾ ഇതിലെ ആദ്യ നാല് പേർക്കാണ് തടവ് ശിക്ഷ വിധിച്ചത്. കേസിലെ രണ്ടാം പ്രതിയാണ് എം പി മുഹമ്മദ് ഫൈസൽ. മുൻ കേന്ദ്ര മന്ത്രിയും കോൺഗ്രസ് നേതാവുമായ പി എം സയ്യിദിന്റെ മകളുടെ ഭർത്താവാണ് മുഹമ്മദ് സാലിഹ്.അതേസമയം വധശ്രമ കേസിലെ തടവ് ശിക്ഷയ്ക്കെതിരെ സ്റ്റേ ആവശ്യപ്പെട്ട് ഇന്ന് തന്നെ



ഹൈക്കോടതിയെ സമീപിക്കുമെന്ന് മുഹമ്മദ് ഫൈസലിന്റെ അഭിഭാഷകൻ അറിയിച്ചു.

## തമിഴ്നാട്ടിൽ നിന്ന് എത്തിച്ച മായം കലർന്ന 15,300 ലിറ്റർ പാൽ പിടികൂടി, കേടുകൂടാതിരിക്കാൻ കലർത്തിയത് ഹൈഡ്രജൻ പെറോക്സൈഡ്

**കൊല്ലം:** തമിഴ്നാട്ടിൽ നിന്ന് കേരളത്തിലേയ്ക്ക് എത്തിച്ച മായം കലർത്തിയ പാൽ പിടികൂടി. ഹൈഡ്രജൻ പെറോക്സൈഡ് കലർത്തിയ 15,300 ലിറ്റർ പാലാണ് പിടികൂടിയത്.
ടാങ്കറിൽ കൊണ്ടുവന്ന പാൽ കൊല്ലം ആര്യങ്കാവിൽ നിന്ന് പിടികൂടുകയായിരുന്നു.
ഇന്നലെ രാവിലെ ആര്യങ്കാവ് ചെക്ക് പോസ്റ്റിന് സമീപത്തായി മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥർ നടത്തിയ പരിശോധനയിലാണ് പാൽ പിടികൂടിയത്. പിടിച്ചെടുത്ത പാൽ ആരോഗ്യവകുപ്പിന് കൈമാറി. പത്തനംതിട്ടയിലെ പന്തളത്തുള്ള ഒരു കമ്പനിയിലേയ്ക്ക് കൊണ്ടുവന്ന പാലാണിത് എന്നാണ് മൃഗസംരക്ഷണ വകുപ്പ് നൽകുന്ന വിവരം. പാൽ ഏറെ നാൾ കേടുകൂടാതെയിരിക്കുന്നതിനായാണ് ഹൈഡ്രജൻ പെറോക്സൈഡ് ചേർക്കുന്നത്. ആരോഗ്യവകുപ്പിന്റെ പരിശോധനയ്ക്ക് ശേഷം മാത്രമേ കൂടുതൽ കാര്യങ്ങൾ വ്യക്തമാവുകയുള്ളൂവെന്ന് അധികൃതർ പറഞ്ഞു.



## ജോഷിമഠിന് പിന്നാലെ ഉത്തരാഖണ്ഡിലെ തെഹ്‌രി ഗർവാലിലും വിള്ളലുകൾ; നാട്ടുകാർ ഭീതിയിൽ

**തെഹ്‌രി ഗർവാൽ (ഉത്തരാഖണ്ഡ്):** ജോഷിമഠ് നഗരത്തിന് പിന്നാലെ ഉത്തരാഖണ്ഡിലെ തെഹ്‌രി ഗർവാലിലും ഭൂമി ഇടിയുന്നതായി പരാതി. ആശങ്കാകുലരായ നാട്ടുകാർ പ്രദേശത്ത് അടിയന്തിരമായ സർക്കാർ ഇടപെടലുണ്ടാവണം എന്ന് ആവശ്യപ്പെട്ടു.
തെഹ്‌രി തടാകത്തിന് സമീപത്തുള്ള ഗ്രാമത്തിലാണ് മണ്ണിടിച്ചിലും കെട്ടിടത്തിലെ വിള്ളലുകളും ഉൾപ്പടെയുള്ള പ്രശ്നങ്ങൾ നേരിടുന്നത്. ചമ്പ തുരങ്കത്തിന് സമീപത്തും മുകളിലുമായുള്ള വീടുകളുടെ ചുമരുകളിലാണ് വിള്ളലുകൾ രൂപപ്പെട്ടത്. ഇവിടെ നിലവിൽ ആറോളം വീടുകൾ അപകട ഭീതിയിലാണ്.
ചമ്പയിലെ 440 മീറ്റർ ദൈർഘ്യമുള്ള ടണലിന്റെ നിർമാണം തുടങ്ങിയതിന് ശേഷമാണ് പ്രദേശത്തെ വീടുകളിൽ വിള്ളലുകൾ കണ്ടുതുടങ്ങിയതെന്ന് നാട്ടുകാർ ആരോപിക്കുന്നുണ്ട്.
തുരങ്കം മൂന്ന് നാല് മീറ്റർ നിർമിച്ചപ്പോൾ തന്നെ തന്റെ വീട്ടിൽ വിള്ളലുണ്ടായെന്ന് ചമ്പ തുരങ്കത്തിന് സമീപം താമസിക്കുന്ന ദിനേശ് പ്രസാദ് കൊട്ടിയാൽ പറഞ്ഞു. പിന്നീട് വീട് പുതുക്കി പ്പണിതതിന് ശേഷവും ഈ പ്രശ്നം തുടരുകയാണെന്നും ദിനേശ് പറഞ്ഞു. സ്മാർട് സിറ്റി സ്കീമിന്റെ ഭാഗമായി നിർമിച്ച പൈപ്പ് ലൈൻ ചോർച്ചയും വിള്ളലിന് കാരണമാണെന്ന് നാട്ടുകാർ ആരോപിക്കുന്നുണ്ട്. ജോഷിമഠിലും പ്രദേശത്തെ സർക്കാർ നിർമാണ പദ്ധതികളാണ് ഇപ്പോഴത്തെ അവസ്ഥയ്ക്ക് കാരണം എന്ന വിമർശനം വ്യാപകമായുണ്ട്. എന്നാൽ ഈ ആരോപണങ്ങളെ സർക്കാർ തള്ളിക്കളയുകയാണ്.



## കോടതി ഉത്തരവ് അനുസരിക്കുന്നു; ശബരിമലയിൽ അരവണ വിതരണം നിർത്തിവയ്ക്കുന്നതായി ദേവസ്വം ബോർഡ് പ്രസിഡന്റ്

**പത്തനംതിട്ട:** കീടനാശിനിയിട്ട ഏലയ്ക്ക അടങ്ങിയ അരവണ പ്രസാദം വിതരണം ചെയ്യരുതെന്ന് ഹൈക്കോടതി ഉത്തരവിനെത്തുടർന്ന് ശബരിമലയിൽ അരവണ പ്രസാദ വിതരണം നിർത്തിവയ്ക്കുന്നതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് എ.അനന്തഗോപൻ.ഹൈക്കോടതി നിർദ്ദേശം അനുസരിക്കുന്നതായി അറിയിച്ച ദേവസ്വം പ്രസിഡന്റ് കൂടുതൽ പരിശോധനകൾക്ക് ശേഷമാകും തുടർനടപടികളെന്ന് വ്യക്തമാക്കി.
ഏലയ്ക്ക ഇല്ലാത്ത അരവണ നാളെമുതൽ വിതരണം ചെയ്യുമെന്ന് ദേവസ്വം പ്രസിഡന്റ് അറിയിച്ചു. ജൈവ ഏലയ്ക്ക് എത്തിക്കാനുള്ള ശ്രമം നടത്തുമെന്നും ഏലയ്ക്കയിടാതെ തന്നെ ബോർഡിന് അരവണ നിർമ്മിക്കാമെന്നും സ്പൈസസ് ബോർഡുമായി കൂടിയാലോചന നടത്തി ഇക്കാര്യം തീരുമാനിക്കുമെന്നും അനന്തഗോപൻ അറിയിച്ചു. പ്രസിഡന്റിന്റെ പ്രഖ്യാപനത്തിന് പിന്നാലെ



ശബരിമലയിൽ അരവണ വിതരണം നിർത്തിവച്ചു.






കേരള പ്രണാമം
editorialkeralapranamam@gmail.com

സത്യം വദ: ധർമ്മം ചര:

## നേർക്കാഴ്ച



ലോകത്തിന്റെ വെളിച്ചമാണ് പുസ്തകങ്ങൾ

മഹാത്മാ ഗാന്ധി

## ജനങ്ങളോടുള്ള വെല്ലുവിളിയാണിത്

തമിഴ്നാട് നിയമസഭയിലെ നയപ്രഖ്യാപനപ്പോര് മുഖ്യമന്ത്രി എം.കെ സ്റ്റാലിന്റെ നേതൃത്വത്തിലുള്ള ഡി.എം.കെ ഭരണവും ഗവർണർ ആർ.എൻ രവിയും തമ്മിലുള്ള ഏറ്റുമുട്ടലിലെ മറ്റൊരു അധ്യായമായി. സംസ്ഥാന ഭരണനിർവഹണ വിഭാഗം തലവൻ കേന്ദ്ര മന്ത്രിസഭയുടെ ഉപദേശപ്രകാരം രാഷ്ട്രപതി നിയമിക്കുന്ന ഗവർണർ ആണെന്നിരിക്കെ ശക്തമായ രണ്ട് ഭരണകേന്ദ്രങ്ങൾ തമ്മിലുള്ള ശീതസമരം ജനാധിപത്യത്തെയും അതിൽ വിശ്വസിക്കുന്ന ജനങ്ങളേയുമാണ് നിരാശപ്പെടുത്തുന്നത്. തമിഴ്നാട്ടിലും കേരളത്തിലും മാത്രമല്ല മറ്റു പല സംസ്ഥാനങ്ങളിലും തുടരുന്ന ഗവർണർ-സർക്കാർ പോര് ഇന്ത്യൻ സംസ്ഥാനങ്ങളുടെ കാര്യനിർവഹണ സംവിധാനത്തിൽ ശക്തമാകുന്ന മോശം പ്രവണതയെന്നനിലയിൽ ഗൗരവമാർന്ന ചിന്തയ്ക്ക് വിഷയമാക്കേണ്ടതുണ്ട്. തമിഴ്നാടിനേക്കാൾ നല്ലത് തമിഴകം ആണെന്നു ഗവർണർ നേരത്തേ നടത്തിയ വിവാദ പരാമർശത്തിനെതിരേ ഡി.എം.കെ അംഗങ്ങൾ പ്രതിഷേധിക്കുമ്പോഴായിരുന്നു നയപ്രഖ്യാപന പ്രസംഗത്തിനു തുടക്കം. ആർ.എസ്.എസ് , ബി.ജെ.പി പ്രത്യയശാസ്ത്രം അടിച്ചേൽപ്പിക്കരുതെന്നു ഗവർണർക്കെതിരേ മുദ്രാവാക്യം വിളികളുണ്ടായി. അതിനിടയിൽ തന്റേതായി ചില ഭാഗങ്ങൾ ചേർത്തും മറ്റു ചിലതു ഒഴിവാക്കിയും ഗവർണർ പ്രസംഗം തുടർന്നു. നയപ്രഖ്യാപന പ്രസംഗത്തിൽ ഗവർണർ ഒഴിവാക്കിയ 65-ാം ഖണ്ഡികയിൽ തമിഴ്നാട്ടിൽ ദ്രാവിഡ മുന്നേറ്റം സാധ്യമാക്കിയ നേതാക്കളുടെ പേരുകൾ പരാമർശിച്ചിരുന്നു. ഈ പേരുകളും ഒപ്പം, അംബേദ്ക്കറുടേയും പേരുകൾ പറയാൻ ഗവർണർ വിസമ്മതിച്ചതാണ് ഡി.എം.കെയെ ചൊടിപ്പിച്ചത്. സംസ്ഥാനത്തിന്റെ ക്രമസമാധാന നിലയെ പുകഴ്ത്തുന്ന ഭാഗം ഒഴിവാക്കിയെന്നു മാത്രമല്ല അതിരൂക്ഷമായി ക്രമസമാധാന സാഹചര്യത്തെ ഗവർണർ വിമർശിക്കുകയും ചെയ്തു. നയപ്രഖ്യാപന പ്രസംഗത്തിനുശേഷം മുഖ്യമന്ത്രി ഈക്കാര്യങ്ങൾ സൂചിപ്പിച്ചു നടത്തിയ പ്രസംഗവും പ്രമേയാവതരണവും ഗവർണർക്ക് ഉൾക്കൊള്ളാനായില്ല. ദേശീയഗാനാലാപനത്തിനുപോലും നിൽക്കാതെ അദ്ദേഹം വോക്കൗട്ട് നടത്തി. പിന്നീടു സർക്കാരിന്റെ ആരോപണങ്ങൾ നിഷേധിച്ച രാജ്ഭവൻ വൃത്തങ്ങൾ , സർക്കാരിനെ അനാവശ്യമായി പുകഴ്ത്തുന്ന ചില ഭാഗങ്ങളിൽ മാറ്റം വരുത്തുക മാത്രമാണു ചെയ്തതെന്നു വിശദീകരിച്ചു. ചുരുക്കത്തിൽ ഒന്നരവർഷമായി തുടരുന്ന അസ്വസ്ഥതകൾ പൊട്ടിത്തെറിയിലേക്ക് നീങ്ങുന്നതിനാണ് ജനം ദൃക്സാക്ഷികളായത്. ഭരണകക്ഷിയായ ഡി.എം.കെയുടെ നേതൃത്വത്തിലുള്ള സെക്യുലർ പുരോഗമന സഖ്യത്തിന്റെ എം.പിമാർ രണ്ടു മാസംമുമ്പ് ഗവർണർക്കെതിരേ രാഷ്ട്രപതി ദ്രൗപതി മുർമുവിന് മെമ്മോറാണ്ടം സമർപ്പിച്ചിരുന്നു. സർക്കാർ നയത്തിനു വിരുദ്ധവും ബില്ലുകൾക്ക് അനാവശ്യ കാലതാമസം വരുത്തുന്നതുമാണ് ഗവർണറുടെ പ്രവർത്തന രീതിയെന്ന് മെമ്മോറാണ്ടത്തിൽ ആരോപിക്കപ്പെട്ടു. ഏറ്റുമുട്ടൽ നടക്കുന്ന എല്ലാ സംസ്ഥാനങ്ങളിലും ഗവർണർക്കെതിരേ സർക്കാരുകൾക്കുള്ള പ്രധാന പരാതിയും ഇതുതന്നെയാകും. സർവകലാശാലാ നിയമനങ്ങളിൽ പോരു മുറുകിയതോടെ ഗവർണറുടെ അധികാരം വെട്ടിക്കുറയ്ക്കുകയോ ചാൻസലർ പദവിയിൽനിന്ന് നീക്കുകയോ ചെയ്യുന്ന നിയമത്തെക്കുറിച്ച് കേരള സർക്കാരിനു തലപുകയ്ക്കേണ്ടിവന്നതോർക്കുക. തീർന്നില്ല , മഹാരാഷ്ട്രയിൽ , രാജസ്ഥാനിൽ , ബംഗാളിൽ എല്ലാം ഭരണ പ്രതിസന്ധി സൃഷ്ടിക്കുന്ന തലത്തിലേക്ക് പല ഘട്ടങ്ങളിലും സർക്കാർ - ഗവർണർ പോര് മാറിയിരിക്കുന്നു. ഇന്നത്തെ ഇന്ത്യ , ഇത്തരത്തിൽ ഒരു വഷളായ രാഷ്ട്രീയചിത്രം കൂടി ജനത്തിനു സമ്മാനിക്കുന്നു. സംസ്ഥാനത്ത് കേന്ദ്ര സർക്കാരിനെ അനുകൂലിക്കുന്ന പാർട്ടിയല്ലെങ്കിൽ, കേന്ദ്രത്തിന്റെ നോമിനിയായി എത്തുന്ന ഗവർണറും സംസ്ഥാന സർക്കാരുകളും തമ്മിൽ എക്കാലത്തും അസ്വസ്ഥതകൾ ഉണ്ടാകാറുണ്ട്. ചില്ലറ അസ്വസ്ഥതകൾ ഇത്രയും മോശമായിട്ടുള്ള കാലം ഒരിക്കലും ഉണ്ടായിട്ടില്ല

ചിലർ വിലയിരുത്തുകയും പുകഴ്ത്തുകയും ചെയ്യുന്നതുപോലെ , ഗവർണർമാർക്ക് എത്രമാത്രം സംസ്ഥാനങ്ങളിൽ തിരുത്തൽ ശക്തിയാകാനും ജനത്തിന്റെ പ്രതീക്ഷകൾ നിറവേറ്റാനും കഴിഞ്ഞിട്ടുണ്ട്? കേരളത്തിലടക്കം അപ്രതീക്ഷിത നിലപാടുകളിലൂടെ ചില അമ്പരപ്പുകൾ സമ്മാനിച്ചിട്ടുണ്ടെന്നല്ലാതെ ഭരണ സംവിധാനത്തിൽ ഗുണപരമായ മാറ്റങ്ങൾക്ക് ഇനിയും കഴിഞ്ഞിട്ടില്ലെന്നതാണു വാസ്തവം. ഈയൊരു സാഹചര്യത്തിലാണ്, ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട ഭരണ, പ്രതിപക്ഷം ഉൾപ്പെട്ട നിയമസഭയുടെ തീരുമാനങ്ങൾക്ക് അനുമതി നൽകാൻ കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ നോമിനിയെന്നു വിശേഷിപ്പിക്കപ്പെടുന്ന ഗവർണറുടെ പ്രസക്തി ചോദ്യം ചെയ്യപ്പെടുന്നത്. ജനങ്ങൾ തെരഞ്ഞെടുത്ത ഡി.എം.കെ. സർക്കാർ തയാറാക്കി നൽകിയ നയപ്രഖ്യാപന പ്രസംഗം സ്വയം പുകഴ്ത്തലായി തോന്നി തിരുത്തലിനും അതേ സമയം കേന്ദ്ര സർക്കാരിനെ പുകഴ്ത്തിയുള്ള കൂട്ടിച്ചേർക്കലിനും തുനിഞ്ഞ ഗവർണറുടെ നടപടിയിൽ ജനം ശരി കാണുമെന്നു തോന്നുന്നില്ല. അതുകൊണ്ടു തന്നെ സർക്കാരിനെതിരായ പ്രതിഷേധം എന്നനിലയിൽ ഗവർണർ നടത്തിയ വോക്കൗട്ട് യഥാർഥത്തിൽ ജനങ്ങളോടുള്ള വെല്ലുവിളിയായി വിലയിരുത്തേണ്ടിവരും



## അമേരിക്കയിൽ വ്യോമയാത്രയ്ക്ക് നിരോധനം; എല്ലാ വിമാനങ്ങളും അടിയന്തരമായി നിലത്തിറക്കി, പിന്നിൽ സാങ്കേതിക തകരാറെന്ന് റിപ്പോർട്ട്

**ന്യൂയോർക്ക്:** സാങ്കേതിക തകരാറിനെത്തുടർന്ന് അമേരിക്കയിലെ വിമാനഗതാഗതം നിർത്തിവെച്ചു. രാജ്യത്തെ ആഭ്യന്തര- അന്താരാഷ്ട്ര സർവീസുകളെല്ലാം അടിയന്തരമായി നിലത്തിറക്കിയതായി അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

സുരക്ഷിതമായ വ്യോമയാത്രയ്ക്കായി സന്ദേശങ്ങൾ കൈമാറുന്ന വാർത്താവിനിമയ സംവിധാനത്തിനുണ്ടായ തകരാറാണ് വ്യോമഗതാഗം താറുമാറാക്കിയത് എന്നാണ് പ്രാഥമിക നിഗമനം. ആകാശയാത്രയ്ക്ക് പൂർണമായി നിരോധനം കൽപ്പിച്ചത് 760 വിമാനങ്ങളെയും ആയിരത്തോളം യാത്രികരെയും നേരിട്ട് ബാധിച്ചതായാണ് വിവരം.

വ്യോമയാത്ര സുഗമമാക്കുന്നതിനും അപകട മുന്നറിയിപ്പ് അടക്കം കൈമാറുന്നതിനും ഉപയോഗിച്ച് വരുന്ന നോട്ടാംസിന്റെ അപ്ഡേഷനെ ബാധിക്കുന്ന തരത്തിലുള്ള തകരാർ മൂലമാണ് വിമാനസർവീസുകൾ തടഞ്ഞുവെച്ചതെന്ന് ഫെഡറൽ ഏവിയേഷൻ അഡ്മിനിസ്ട്രേഷൻ അറിയിച്ചു. യുഎസിലെ വ്യോമഗതാഗതം നിയന്ത്രിക്കുന്ന ഫെഡറൽ ഏവിയേഷൻ അഡ്മിനിസ്ട്രേഷന്റെ (എഫ്എഎ) എയർ മിഷൻ സിസ്റ്റത്തിലാണ് സാങ്കേതിക തകരാർ ദൃശ്യമായത്. സംവിധാനത്തെ സന്ദേശങ്ങൾ കൈമാറാവുന്ന തരത്തിൽ അപ്ഡേറ്റ് ചെയ്യാനാകുന്നില്ലെന്ന് എഫ്എഐ ഔദ്യോഗിക വെബ്സൈറ്റിലൂടെ വ്യക്തമാക്കിയിട്ടുണ്ട്.

സാങ്കേതിക തകരാറിന്റെ പിന്നിലെ കാരണമോ എത്രത്തോളം വിമാനസർവീസുകളെ ബാധിച്ചിട്ടുണ്ടോ എന്ന് ഇത് വരെ അധിക വിവരങ്ങൾ അധികൃതർ പുറത്തു വിട്ടിട്ടില്ല. വിമാന സർവീസുകൾ എപ്പോൾ മുതൽ പഴയപടിയാകും എന്ന കാര്യത്തിലും അവ്യക്തത നിലനിൽക്കുന്നതിനാൽ യാത്രികർ സാമൂഹിക മാദ്ധ്യമങ്ങളിലൂടെ അടക്കം പ്രതിഷേധവുമായി രംഗത്തെത്തിയിട്ടുണ്ട്. സമീപ കാലത്തൊന്നും ഇത്തരത്തിലൊരു പ്രശ്നം ഉടലെടുത്തതായി അറിവില്ല എന്നാണ്



## വീണ്ടെടുക്കലിന്റെ പാതയിൽ ഓസോൺ പാളികൾ; സാധ്യമാവുക 2040 ഓടെ

ഭൂമിയെ കാക്കുന്ന പാളികളാണ് ഓസോൺ പാളികൾ. സൂര്യനിൽ നിന്നുണ്ടാവുന്ന അൾട്രാവയലറ്റ് പാളികളിൽ നിന്നും നമ്മൾക്ക് സംരക്ഷണമേകുന്നവ കൂടിയാണിത്. ഭൂമിയുടെ ഓസോൺ പാളികൾ വീണ്ടെടുക്കലിന്റെ പാതയിലാണെന്നാണ് പുതിയ പഠനങ്ങൾ നൽകുന്ന സൂചന. ഓസോണിന് വിനാശം വരുത്തുന്ന കെമിക്കലുകളിൽ നിന്നുള്ള സംരക്ഷണപ്രവർത്തനങ്ങൾ ഫലവത്തായി എന്നതിന്റെ കൂടി സൂചനയാണിത്. ഐക്യരാഷ്ട്രസഭയുടെ പാനലാണ് കണ്ടെത്തലിന് പിന്നിൽ.

1985 മേയിലാണ് ഓസോൺ പാളികൾ സംബന്ധിച്ച് അപായമണി മുഴങ്ങുന്നത്. ഓസോൺ പാളിയിലെ ആദ്യ വിള്ളൽ കണ്ടെത്തുന്നതും ഇതേ വർഷമാണ്. ക്ലോറോഫ്ളൂറോ കാർബണുകളാണ് ഓസോൺ പാളികൾക്ക് ഭീഷണി. ഏയ്റോസോൾ സ്പ്രേകളിലും മറ്റുമാണ് സാധാരണയായി ക്ലോറോഫ്ളൂറോ കാർബൺ ഉപയോഗിക്കാറ്. ഓസോൺ പാളിയിലെ വിള്ളൽ കണ്ടെത്തിയതിന് ഏകദേശം രണ്ടു വർഷങ്ങൾക്ക് ശേഷമാണ് മോൺട്രിയൽ ഉടമ്പടി അവലംബിക്കുന്നത്.

മോൺട്രിയൽ പ്രോട്ടോക്കോൾ നിലവിൽ വന്നതോടെ നൂറിലധികം വരുന്ന സിന്തറ്റിക് കെമിക്കലുകൾക്ക് നിരോധനം വന്നു. ഓസോൺ പാളിക്ക് കടുത്ത വിനാശം വരുത്തുന്നവ കൂടിയായിരുന്നു ഇത്. ഓസോൺ പാളികൾക്ക് നാശം വരുത്തുന്ന 99 ശതമാനം വരുന്ന പദാർത്ഥങ്ങളും നിരോധിച്ചിട്ടുണ്ട്. നിലവിലെ നിയമഭേദഗതികൾ പ്രാബല്യത്തിൽ തുടരുകയാണെങ്കിൽ 1980 ലേതിന് സമാനമായ അവസ്ഥയിലേക്ക് ഓസോൺ പാളികൾ 2040 ഓടെ മടങ്ങും.



## കോവിഡ് വ്യാപനം കൂടിയ രാജ്യങ്ങളിൽ യാത്രികർ മാസ്ക് ധരിക്കണം— ലോകാരോഗ്യസംഘടന

വാഷിങ്ടൺ: ചൈന, ജപ്പാൻ, അമേരിക്ക തുടങ്ങി ഒട്ടേറെ വിദേശ രാജ്യങ്ങളിൽ വീണ്ടും കോവിഡ് കേസുകൾ കുതിച്ചുകൊണ്ടിരിക്കുകയാണ്. പലയിടങ്ങളിലും പുതിയ വകഭേദങ്ങളാണ് വ്യാപനത്തിന് കാരണമായിരിക്കുന്നത്. അമേരിക്കയിലെ തീവ്രവ്യാപനത്തിന് പിന്നിൽ തആആ.1.5 എന്ന പുതിയ വകഭേദമാണെന്ന റിപ്പോർട്ടുകൾ പുറത്തുവന്നിരുന്നു. ഇതിനുപിന്നാലെ മാസ്ക് ഉപയോഗം സംബന്ധിച്ച് വീണ്ടും നിർദേശം പുറത്തിറക്കിയിരിക്കുകയാണ് ലോകാരോഗ്യസംഘടന.

ദീർഘദൂര വിമാനയാത്രകൾ ചെയ്യുന്നവരോട് മാസ്കുകൾ ധരിക്കാൻ അതാത് രാജ്യങ്ങൾ നിർദേശിക്കണമെന്ന് ലോകാരോഗ്യസംഘടന വ്യക്തമാക്കി. അമേരിക്കയിൽ ഉൾപ്പെടെ പുതിയ ഒമിക്രോൺ വകഭേദങ്ങളുടെ തീവ്രവ്യാപനത്തിന്റെ പശ്ചാത്തലത്തിലാണിത്. യൂറോപ്പിൽ തആആ.1.5 വകഭേദം നിലവിൽ കുറവാണെങ്കിലും നിരക്കുകൾ കൂടിക്കൊണ്ടിരിക്കുകയാണെന്നും ലോകാരോഗ്യസംഘടന അറിയിച്ചു.

കോവിഡ് വ്യാപനം രൂക്ഷമായ ഇടങ്ങളിൽ ഉള്ളവരെല്ലാം ഈ നിർദേശം പാലിക്കുന്നതാണ് അഭികാമ്യമെന്ന് യൂറോപ്പിലെ ലോകാരോഗ്യ സംഘടനയുടെ സീനിയർ എമർജൻസി ഓഫീസറായ കാതറിൻ സ്മാൾവുഡ് പറഞ്ഞു. അമേരിക്കക്കയിൽ നിലവിലെ കോവിഡ് വ്യാപനത്തിന്റെ 27.6 ശതമാനവും തആആ.1.5 വകഭേദം മൂലമാണെന്നാണ് റിപ്പോർട്ടുകൾ. ചൈന ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിലെ വ്യാപനത്തിന് പിന്നിലും ബി.എഫ്.7, തആആ.1.5 തുടങ്ങിയ വകഭേദങ്ങളാണെന്ന റിപ്പോർട്ടുകൾ പുറത്തുവന്നിരുന്നു. ജപ്പാനിൽ കോവിഡ് നിരക്കുകളും മരണനിരക്കുകളും റെക്കോഡ് നില ഭേദിച്ചും കുതിച്ചുകൊണ്ടിരിക്കുകയാണ്.

അതിനിടെ കോവിഡ് പ്രതിരോധത്തിനായി നടപ്പിലാക്കിയ കടുത്ത കോവിഡ് നിയന്ത്രണങ്ങൾ ചൈന നീക്കി. മൂന്നു വർഷത്തിനുശേഷമാണ് കര, വ്യോമ, ജലഗതാഗത മാർഗങ്ങൾ ഞായറാഴ്ച ചൈന പൂർണമായി തുറന്നത്. കോവിഡ് ബാധിതർ അനിയന്ത്രിതമായി പെരുകുന്നതിനിടെ തുറക്കാനുള്ള തീരുമാനം വിമർശനങ്ങൾക്കും വഴിവെക്കുന്നുണ്ട്. ശക്തമായ സർക്കാർവിരുദ്ധ പ്രതിഷേധത്തെത്തുടർന്ന് ഡിസംബറിലാണ് 'സീറോ കോവിഡ് നയം' അവസാനിപ്പിക്കാൻ ചൈന തീരുമാനിച്ചത്.

ബി.എഫ്.7 ഒമിക്രോൺ വകഭേദമായ ബി.എഫ്.7 ആണ് ചൈനയിലെ വ്യാപനത്തിനു പിന്നിൽ. തുടർന്ന് ഇന്ത്യയിലും ഈ വകഭേദം സ്ഥിരീകരിച്ച വാർത്ത പുറത്തുവന്നിരുന്നു. കടുത്ത തൊണ്ടവേദന, മൂക്കൊലിപ്പ്, ശരീരവേദന, കടുത്തപനി തുടങ്ങിയവയെല്ലാം ബി.എഫ്-7 വകഭേദത്തിൽ കൂടുതൽ കാണുന്നുണ്ടെന്നാണ് ആരോഗ്യ വിദഗ്ധർ പറയുന്നത്. മുൻപ് അസുഖബാധിതരായവരും പ്രായമായവരും ഹൃദ്രോഗം, ഡയബറ്റിസ്, ശ്വാസകോശരോഗങ്ങൾ തുടങ്ങിയവ ഉള്ളവരും കൂടുതൽ ജാഗ്രത പാലിക്കണമെന്നാണ് ആരോഗ്യവിദഗ്ധർ മുന്നറിയിപ്പ് നൽകുന്നത്.

അമേരിക്ക, യു.കെ., ബെൽജിയം, ജർമനി, ഫ്രാൻസ്, ഡെൻമാർക്ക് തുടങ്ങിയ രാജ്യങ്ങളിൽ നേരത്തേ ബി.എഫ്.7 വകഭേദം റിപ്പോർട്ട് ചെയ്തിരുന്നു.

എക്സ്.ബി.ബി. വകഭേദങ്ങൾ

ഒമിക്രോണിന്റെ തന്നെ ബി.ജെ.1, ബി.എ.2.75 ഉപവിഭാഗങ്ങൾ ചേർന്നുള്ളതാണ് എക്സ്.ബി.ബി. കോവിഡ് വകഭേദങ്ങളിൽ ഏറ്റവും രോഗവ്യാപന ശേഷിയുള്ള ഇത് സിങ്കപ്പൂരിൽ ഓഗസ്റ്റിലാണ് ആദ്യം റിപ്പോർട്ട് ചെയ്തത്. തൊണ്ടവേദന, മൂക്കൊലിപ്പ്, ചുമ, പനി, തളർച്ച, തലവേദന, വയറിളക്കം, ഛർദി എന്നിവയാണ് ലക്ഷണങ്ങൾ. എക്സ്.ബി.ബി.-1, എക്സ്.ബി.ബി.-1.5 എന്നിവയാണ് ഈ വൈറസിന്റെ ഉപവകഭേദങ്ങൾ. എക്സ്.ബി.ബി. മഹാരാഷ്ട്രയിലുൾപ്പെടെ ഇന്ത്യയിലെ പലയിടങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. തആആ പോലുള്ള വകഭേദങ്ങൾ കൂടിവരുന്നത് കോവിഡ് വാക്സിനുകളുടെ ഫലപ്രാപ്തി കുറയ്ക്കുകയും വീണ്ടും വൈറസ് പടരുന്നതിനും ഇടയാക്കുമെന്ന് കൊളംബിയ സർവകലാശാലയിലെ ഗവേഷകർ ഈ മാസമാദ്യം നടത്തിയ പഠനത്തിൽ പറഞ്ഞിരുന്നു.

## ഇത്തവണ വിമാനത്തിലല്ല, ഡൽഹി വിമാനത്താവളത്തിലെ ടെർമിനലിന് മുന്നിൽ മൂത്രമൊഴിച്ച യുവാവ് അറസ്റ്റിൽ

**ന്യൂഡൽഹി:** ഡൽഹി വിമാനത്താവളത്തിലെ മൂന്നാം ടെർമിനലിന് മുന്നിൽ പരസ്യമായി മൂത്രമൊഴിച്ച് യുവാവ്. ടെർമിനൽ മൂന്നിലെ ഡിപ്പാർച്ചർ ഏരിയയിലെ ഗേറ്റിലാണ് മദ്യപിച്ചെത്തിയ ബീഹാർ സ്വദേശി ജൗഹർ അലി ഖാൻ മൂത്രമൊഴിച്ചത്.

ഇയാളെ പിന്നീട് അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിട്ടയച്ചു.

ഞായറാഴ്ച വൈകിട്ട് 5.30ഓടെയാണ് സംഭവം. ഇന്ദിരാഗാന്ധി അന്താരാഷ്ട്ര വിമാനത്താവളത്തിലെ ടെർമിനൽ മൂന്നിലെ ഡിപ്പാർച്ചർ ഏരിയയിലെ ആറാം നമ്പർ ഗേറ്റിൽ ഒരാൾ പരസ്യമായി മൂത്രമൊഴിച്ചതായി പൊലീസിന് വിവരം ലഭിക്കുകയായിരുന്നു. മദ്യലഹരിയിലായിരുന്നു ഇയാളുടെ പ്രവൃത്തി. പൊതുസ്ഥലത്ത് അലറിവിളിച്ചും മറ്റുള്ളവരെ അധിക്ഷേപിച്ചും ഇയാൾ ശല്യമുണ്ടാക്കിയെന്നും പൊലീസ് പറഞ്ഞു. സൗദിയിലെ ദമാമിലേക്ക് പോകാനായി എത്തിയതായിരുന്നു ഇയാൾ. സഫ്ദർജംഗ് ആശുപത്രിയിൽ എത്തിച്ച് നടത്തിയ വൈദ്യ പരിശോധനയിൽ ഇയാൾ മദ്യപിച്ചതായി കണ്ടെത്തിയെന്ന് ഡെപ്യൂട്ടി പൊലീസ് കമ്മിഷണർ (എയർപോർട്ട്) രവി കുമാർ സിംഗ് അറിയിച്ചു.

ന്യൂയോർക്കിൽ നിന്ന് ഡൽഹിയിലേക്കുള്ള എയർ ഇന്ത്യ വിമാനത്തിന്റെ ബിസിനസ് ക്ലാസിൽ മദ്യലഹരിയിൽ ശങ്കർ മിശ്ര എന്ന യുവവ്യവസായി സഹയാത്രികയുടെ മേൽ മൂത്രമൊഴിച്ചത് വിവാദമായിരുന്നു. ബംഗളൂരുവിൽ നിന്ന് അറസ്റ്റ് ചെയ്ത ഇയാളെ കോടതി റിമാൻഡ് ചെയ്തു.

ലോകചരിത്രത്തിലാദ്യമായി
22 മണിക്കൂർ 10 മിനിറ്റ് തുടർച്ചയായി
വിഷ്വൽ കഥാപ്രസംഗം അവതരിപ്പിച്ച്
URF-ASIAN RECORD & WORLD RECORD കരസ്ഥമാക്കിയ
ഡോ. നിരണം രാജൻ
അവതരിപ്പിക്കുന്ന
പുണ്യപുരാണ വിഷ്വൽ കഥാപ്രസംഗം
നിരണം പി.ഒ., തിരുവല്ല, പത്തനംതിട്ട. ഫോൺ: 98470 31647
സൗണ്ട് സിസ്റ്റവും ലൈറ്റ് സിസ്റ്റവും ഞങ്ങൾ കൊണ്ടുവരുന്നതാണ്



വിഷ്വൽ നാടൻപാട്ട്
ശംഖൊലി
സംവിധാനം: Dr. നിരണം രാജൻ
നിരണം പി. ഒ., തിരുവല്ല, പത്തനംതിട്ട
Ph: 98470 31647
ലൈറ്റ്, സൗണ്ട് സിസ്റ്റം & ലൈവ് വിഷ്വൽ ഉൾപ്പെടെ പതിനെട്ടോളം അംഗങ്ങൾ.

കേരള പ്രണാമം







# ഭാരത് ജോഡോ യാത്രയുടെ സമാപനം പ്രതിപക്ഷ ഐക്യ വേദിയാകും; സിപിഎം അടക്കം 21 പാർട്ടികളെ ക്ഷണിച്ച് കോൺഗ്രസ് അധ്യക്ഷൻ

## സി പി എം, സി പി ഐ, ഡി എം കെ, ശിവസേന, എൻ സി പി അടക്കമുള്ള പ്രതിപക്ഷ പാർട്ടികളെയെല്ലാം ഭാരത് ജോഡോ യാത്രയുടെ സമാപന വേദിയിലേക്ക് ക്ഷണിച്ചിട്ടുണ്ട്

ദില്ലി: രാഹുൽ ഗാന്ധി നയിക്കുന്ന ഭാരത് ജോഡോ യാത്രയുടെ സമാപന ചടങ്ങ് പ്രതിപക്ഷ ഐക്യ വേദിയാക്കാൻ കോൺഗ്രസ് നീക്കം. ഇതിനായി രാജ്യത്തെ 21 പ്രതിപക്ഷ പാർട്ടികളെയാണ് സമാപന ചടങ്ങിലേക്ക് ക്ഷണിച്ചിരിക്കുന്നത്. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖർഗെയാണ് പ്രതിപക്ഷ പാർട്ടികളെ ഭാരത് ജോഡോ യാത്രയുടെ സമാപന ചടങ്ങിലേക്ക് ക്ഷണിച്ചത്. സി പി എം, സി പി ഐ, ഡി എം കെ, ശിവസേന, എൻ സി പി അടക്കമുള്ള പ്രതിപക്ഷ പാർട്ടികളെയെല്ലാം ഭാരത് ജോഡോ യാത്രയുടെ സമാപന വേദിയിലേക്ക് ക്ഷണിച്ചിട്ടുണ്ട്. എന്നാൽ ആം ആദ്മി പാർട്ടി, ചന്ദ്രശേഖർ റാവുവിന്റെ ബി ആർ എസ് , ഗുലാം നബി ആസാദിന്റെ ഡെമോക്രാറ്റിക് ആസാദ് പാർട്ടി എന്നിവയ്ക്ക് സമാപനയോഗത്തിലേക്ക് ക്ഷണം നൽകിയിട്ടില്ല. ഈ മാസം 30 ന് ശ്രീനഗറിലാണ് കോൺഗ്രസ് മുൻ അധ്യക്ഷൻ രാഹുൽ ഗാന്ധി നടത്തുന്ന യാത്രയുടെ സമാപനം നടക്കുക.2022 സെപ്തംബർ മാസം 7 ാം തിയതി ആരംഭിച്ച ഭാരത് ജോഡോ യാത്ര അഞ്ച് മാസം പിന്നിട്ട് വിവിധ സംസ്ഥാനങ്ങളിലൂടെ സഞ്ചരിച്ചാണ് കശ്മീരിൽ ഈ മാസം 30 ന് അവസാനിക്കുക. 117 സ്ഥിരം അംഗങ്ങളാണ് പദയാത്രയിൽ രാഹുൽ ഗാന്ധിക്ക് ഒപ്പമുള്ളത്. 150 ദിവസം നീളുന്ന പദയാത്ര 12 സംസ്ഥാനങ്ങളിലൂടെയാണ് കടന്നുപോയത്. 3,570 കിലോമീറ്റർ പിന്നിട്ടാകും ജനുവരി 30 ന് കശ്മീരിൽ സമാപിക്കുക. ഇപ്പോൾ ജാഥ പഞ്ചാബിലൂടെയാണ് പര്യടനം നടത്തുന്നത്.ഓറഞ്ച് ടർബനണിഞ്ഞ് സുവർണക്ഷേത്രത്തിൽ രാഹുൽ ഗാന്ധിയുടെ പ്രാർത്ഥന, രൂക്ഷമായി വിമർശിച്ച് ശിരോമണി അകാലിദൾ അതേസമയം ബി ജെ പിയുടെ ബഹിഷ്ക്കരണാഹ്വാനം തള്ളി ഭാരത് ജോഡോ യാത്രയുടെ പഞ്ചാബ് പര്യടനത്തിൽ വൻ ജനപങ്കാളിത്തമാണ് എല്ലായിടത്തും ദൃശ്യമാകുന്നത്. സിഖ് വികാരം ഇളക്കാൻ ശ്രമിച്ച് ശരോമണി അകാലിദളും യാത്രക്കെതിരെ നിലപാടെടുത്തിരുന്നു. ആർ എസ് എസോ, ബി ജെ പിയോ ശ്രമിച്ചാൽ യാത്ര തടയാനാവില്ലെന്ന് രാഹുൽ ഗാന്ധി തിരിച്ചടിക്കുകയും ചെയ്തു. ആർ എസ് എസും ബി ജെ പിയും ജനങ്ങളെ തമ്മിലടിപ്പിക്കുകയാണെന്നും ഭാഷയുടെയും മതത്തിൻറെയും ദേശത്തിൻറെയുമൊക്കം പേരിൽ ജനങ്ങളെ ഭിന്നിപ്പിക്കുകയാണെന്നും രാഹുൽ പഞ്ചാബിലെ യാത്രക്കിടെ പറഞ്ഞു. യാത്ര പരാജയപ്പെടുമെന്നാണ് ബി ജെ പിയും ആർ എസ് എസും കരുതിയതെന്നും പഞ്ചാബിലെ ആൾക്കൂട്ടവും അവരുടെ കണക്ക് കൂട്ടലുകൾ തെറ്റിച്ചെന്നും രാഹുൽ ഗാന്ധി ചൂണ്ടികാട്ടി. ചുവന്ന സിഖ് തലപ്പാവ് ധരിച്ചാണ് പഞ്ചാബിലെ യാത്രയിൽ ഇന്നലെ രാഹുൽ നടന്നത്



# റൺവേ ബലപ്പെടുത്തൽ: കരിപ്പൂരിൽ പകൽ സമയം വിമാനങ്ങൾക്ക് നിയന്ത്രണം, പകലുള്ള ഷെഡ്യൂളുകൾ പുനഃക്രമീകരിക്കും

**മലപ്പുറം:** റൺവേ ബലപ്പെടുത്തൽ ജോലി നടക്കുന്നതിനാൽ ആറുമാസക്കാലം കരിപ്പൂർ വിമാനത്താവളത്തിൽ പകൽ സമയം വിമാനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തും. രാവിലെ 10 മുതൽ 6 വരെ റൺവേ അടച്ചിടും. ഈ മാസം 15 നാണ് ജോലി ആരംഭിക്കുക. പകൽ സമയത്തെ ഷെഡ്യൂളുകൾ വൈകീട്ട് 6 മുതൽ പിറ്റേദിവസം 10 വരെ പുനക്രമീകരിക്കും. സർവീസുകളുടെ പോക്കുവരവ് സംബന്ധിച്ച് യാത്രക്കാർ അതാത് എയർലൈൻസുമായി ബന്ധപ്പെടണമെന്ന് എയർപോർട്ട് അതോറിറ്റി കരിപ്പൂർ ഡയരക്ടർ അറിയിച്ചു. നിശ്ചിത കാലയളവുകൾക്കിടയിൽ എയർപോർട്ടുകളിൽ റൺവേ റീകാർപ്പറ്റിങ് ജോലി നടത്തണമെന്നത് നിർബന്ധമാണ്.



# റേഷൻ കടകളിൽ ഗോതമ്പിന് പകരം റാഗി വിതരണം ചെയ്യും: പ്രതികരണം പരിശോധിച്ച ശേഷം തുടർ തീരുമാനം

**തിരുവനന്തപുരം:** സംസ്ഥാനത്തെ റേഷൻ കടകൾ വഴി ഗോതമ്പിന് പകരം റാഗി വിതരണം ചെയ്യും. ഗുണനിലവാരം ഉറപ്പാക്കിയ റാഗി കർണാടകയിലെ എഫ്.സി.ഐ ഗോഡൗണിൽ നിന്ന് എത്തിച്ച് ഒരു കിലോ പാക്കറ്റുകളാക്കി വിതരണം ചെയ്യുമെന്ന് ഭക്ഷ്യമന്ത്രി ജി.ആർ അനിൽ അറിയിച്ചു. ശുചീകരിച്ച 687 മെട്രിക് ടൺ റാഗിയാണ് സംസ്ഥാനത്തേക്ക് കൊണ്ടുവരിക. ഒരു പഞ്ചായത്തിൽ ഒരു റേഷൻ കടയിലൂടെ റാഗി ആദ്യഘട്ടത്തിൽ വിതരണം ചെയ്യും. അരിയും ഗോതമ്പും മുഖ്യഭക്ഷണമായ സംസ്ഥാനത്ത് റാഗിയുടെ സ്വീകാര്യത അറിഞ്ഞ ശേഷം വിതരണം വിപുലപ്പെടുത്തണോ എന്ന് തീരുമാനിക്കും. ഇടുക്കി, വയനാട്, പാലക്കാട് ജില്ലകളിൽ കൂടുതൽ റേഷൻ കടകൾ വഴി റാഗി വിതരണം ചെയ്യും. ഗോതമ്പ് സംസ്ഥാനത്തിന് അനുവദിച്ച അതേ നിരക്കിൽ തന്നെയായിരിക്കും റാഗിയും സംസ്ഥാനത്തിന് കേന്ദ്രം നൽകുക





# എല്ലാ ഇന്ത്യക്കാർക്കും അഭിമാനം; ആർആർആർ ഗോൾഡൻ ഗ്ലോബ് നേട്ടത്തിൽ പ്രധാനമന്ത്രി

ദില്ലി: മികച്ച ഗാനത്തിനുള്ള ഗോൾഡൻ ഗ്ലോബ് നേടിയ ആർആർആർ ടീമിനെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. ട്വിറ്ററിലൂടെയാണ് നരേന്ദ്ര മോദി ആർആർആർ ടീമിനെയും ഗോൾഡൻ ഗ്ലോബ് നേടിയ 'നാട്ടു നാട്ടു' ഗാനം ഒരുക്കി വളരെ സവിശേഷമായ ഒരു നേട്ടമാണിത്. എം എം കീരവാണിയെ അഭിനന്ദിക്കുന്നു. ഗാനത്തിന് പിന്നിൽ പ്രവർത്തിച്ച പ്രേം രക്ഷിത്, കാലഭൈരവ, ചന്ദ്രബോസ്, രാഹുൽസിപ്ലിഗുഞ്ച് എന്നിവരെയും അഭിനന്ദിക്കുന്നു. രാജമൌലി, ജൂനിയർ എൻടിആർ, രാംചരൺ എല്ലാ ആർആർആർ ടീമിനെയും അഭിനന്ദിക്കുന്നു. ഈ അഭിമാനകരമായ നേട്ടത്തിൽ ഓരോ ഇന്ത്യക്കാരനും അഭിമാനം കൊള്ളുന്നു - പ്രധാനമന്ത്രി ട്വീറ്റിൽ പറയുന്നു. നേരത്തെ ആർആർആർ നേടിയ ബഹുമതിയിൽ ഗീതസംവിധായകൻ എംഎം കീരവാണിയെ അഭിനന്ദിച്ച് ഓസ്കാർ അവാർഡ് ജേതാവും സംഗീത സംവിധായകനുമായ എ ആർ റഹ്മാൻ രംഗത്ത് എത്തിയിരുന്നു. അവിശ്വസനീയമായ ഒരു മാറ്റമാണ് ഇത്. എല്ലാ ഇന്ത്യക്കാർക്ക് വേണ്ടിയും കീരവാണിക്കും, എസ്എസ് രാജമൌലിക്കും ആർആർആർ ടീമിനും അഭിനന്ദനങ്ങൾ. ഗോൾഡൻ ഗ്ലോബ് വേദിയിൽ ആർആർആർ ടീം വിജയം ആഘോഷിക്കുന്ന വീഡിയോ അടക്കം എ ആർ റഹ്മാൻ ട്വീറ്റ് ചെയ്തു. എ ആർ റഹ്മാന് ശേഷം ഗോൾഡൻ ഗ്ലോബ് വീണ്ടും ഇന്ത്യയിലെത്തിച്ചിരിക്കുകയാണ് ആർആർആർ. ഗോൾഡൻ ഗ്ലോബ് ഒറിജിനൽ സോങ് വിഭാഗത്തിലാണ് പുരസ്കാരം ലഭിച്ചിരിക്കുന്നത്. രാജമൌലി ചിത്രത്തിൽ എം എം കീരവാണിയും മകൻ കാലഭൈരവയും ചേർന്ന് സംഗീതം നിർവഹിച്ച നാട്ടു നാട്ടു എന്ന പാട്ടിനാണ് പുരസ്കാരം. ഗോൾഡൻ ഗ്ലോബ്: മികച്ച വിദേശ ചിത്രം പുരസ്കാരം കൈവിട്ട് ആർആർആർ കടുത്ത മത്സരത്തിനൊടുവിലാണ് ദക്ഷിണേന്ത്യൻ ചിത്രമായ ആർആർആർ പുരസ്കാരത്തിന് തെരഞ്ഞെടുക്കപ്പെട്ടത്. റിഹാന, ലേഡി ഗാഗ , ടെയ്ലർ സ്വിഫ്റ്റ് എന്നിവർക്കൊപ്പമാണ് കീരവാണിയുടെ ഹിറ്റ് ഗാനവും മത്സരിച്ചത്. എആർ റഹ്മാൻ പുരസ്കാരം നേടി 14 വർഷങ്ങൾക്ക് ശേഷമാണ് ഗോൾഡൻ ഗ്ലോബ് ഇന്ത്യയിലെത്തുന്നതെന്നതും ഇരട്ടിമധുരമാകുന്നു. രണ്ട് പതിറ്റാണ്ടായി വിവിധ ഇന്ത്യൻ ഭാഷകളിൽ സൂപ്പർ ഹിറ്റ് പാട്ടുകൾ തീർത്ത് മുന്നേറുന്നതിനിടെയാണ് കീരവാണിക്കുള്ള ഗോൾഡൻ ഗ്ലോബ് പുരസ്ക്കാരം. ദേവരാഗം അടക്കം മലയാളത്തിലും ഹിറ്റ് ഈണങ്ങൾ ഒരുക്കിയ, തല മുതിർന്ന സംഗീതജ്ഞനുള്ള അംഗീകാരം തെന്നിന്ത്യക്കാകെ അഭിമാനമാവുകയാണ്. മസാലപ്പടങ്ങളും ഡപ്പാം കൂത്തു പാട്ടും എന്ന പതിവ് ബ്രാൻഡിൽ നിന്നും തെലുങ്ക് സിനിമയയെ പാൻ ഇന്ത്യൻ തലത്തിലേക്ക് ഉയർത്തുന്നതിൽ എസ്എസ് രാജമൗലിയും അമ്മാവൻ കീരവാണിയും ചെലുത്തിയ പങ്ക് ചെറുതല്ല. ഇന്ത്യൻ സിനിമയുടെ തലവര മാറ്റിയ ബാഹുബലി പരമ്പരയുടെ ആത്മാവായിരുന്നു കീരവാണിയുടെ മാന്ത്രികസംഗീതം. മഹിഷ്മതി സാമ്രാജ്യത്തിൽ നിന്ന് തെലുങ്ക് സാതന്ത്ര്യ പോരിന്റെ വീര ഗാഥ മൗലി തീർത്തപ്പോൾ ഹൈലൈറ്റ് ആയി ഹൈ പവർ നാട്ടു നാട്ടു പാട്ട്.



# അഫ്ഗാനിൽ ചാവേർ സ്ഫോടനം, വിദേശകാര്യമന്ത്രാലയത്തിന് സമീപം പൊട്ടിത്തെറി, 20പേർ കൊല്ലപ്പെട്ടു

കാബൂൾ: അഫ്ഗാനിസ്ഥിൽ വിദേശകാര്യ മന്ത്രാലയത്തിന് സമീപം ചാവേർ ആക്രമണം. കാബൂളിലെ വിദേശ മന്ത്രാലയത്തിന് സമീപത്തുനടന്ന സ്ഫോടനത്തിൽ 20പേർ കൊല്ലപ്പെടുകയും നിരവധിപേർക്ക് പരിക്കേൽക്കുകയും ചെയ്തതായി അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. വിദേശകാര്യ മന്ത്രാലയത്തിൽ അതിക്രമിച്ചുകടക്കാനായിരുന്നു അക്രമിയുടെ പദ്ധതിയെന്ന് താലിബാൻ സർക്കാരിലെ വാർത്താ വിനിമയ മന്ത്രാലയം വക്താവ് ഉസ്താദ് ഫരീദുൻ അറിയിച്ചു. നീക്കം പരാജയപ്പെട്ടതോടെ മന്ത്രാലയത്തിനു പുറത്ത് ചാവേർ പൊട്ടിത്തെറിക്കുകയായിരുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി. പ്രാദേശിക സമയം വൈകീട്ട് നാലിനായിരുന്നു ഭീകരാക്രമണം. ചൈനീസ് പ്രതിനിധി സംഘം താലിബാൻ നേതാക്കളുമായി ചർച്ച നടത്തുന്ന സമയത്താണ് ആക്രമണമെന്നും റിപ്പോർട്ടുകൾ പറയുന്നു. പ്രദേശത്ത് വൻസുരക്ഷാസന്നാഹം ഒരുക്കിയതായി കാബൂൾ പൊലീസ് തലവന്റെ വക്താവ് ഖാലിദ് സദ്റാൻ പറഞ്ഞു.ആയുധധാരിയായ ഭീകരൻ മന്ത്രാലയത്തിനു പുറത്തെത്തി പൊട്ടിത്തെറിക്കുകയായിരുന്നുവെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. മാധ്യമപ്രവർത്തകർ അടക്കം സ്ഥലത്തുണ്ടായിരുന്നു. ആക്രമണത്തിന്റെ ഉത്തരവാദിത്തം ഇതുവരെ ആരും ഏറ്റെടുത്തിട്ടില്ല. കഴിഞ്ഞ ദിവസം എട്ട് ഐഎസ് ഭീകരരെ കൊലപ്പെടുത്തിയതായി താലിബാൻ അറിയിച്ചിരുന്നു. ഐഎസിന്റെ ഒളിത്താവളങ്ങൾ റെയ്ഡ് ചെയ്യുകയും എട്ട് ഐസിസ് ഭീകരരെ കൊലപ്പെടുത്തുകയും ചെയ്തെന്ന് താലിബാൻ ഔദ്യോ?ഗികമായി അറിയിച്ചു. ബുധനാഴ്ച കാബൂളിലും പടിഞ്ഞാറൻ നിംറോസ് പ്രവിശ്യയിലും റെയ്ഡ് നടത്തിയതായി താലിബാൻ വക്താവ് സബിജുള്ള മുജാഹിദ് പറഞ്ഞു. കാബൂൾ ഹോട്ടൽ ആക്രമണം, പാകിസ്ഥാൻ എംബസി ആക്രമണം, വ്യോമതാവള ആക്രമണം തുടങ്ങിയ ഭീകരാക്രമണങ്ങൾ ആസൂത്രണം ചെയ്തവരാണ് കൊല്ലപ്പെട്ട ഭീകരരെന്ന് മുജാഹിദ് പറഞ്ഞു. ഈ സംഭവത്തിന് തൊട്ടുപിന്നാലെയാണ് ഭീകരാക്രമണം നടന്നത്. കൊല്ലപ്പെട്ട എട്ട് പേർക്ക് പുറമേ, താലിബാൻ ഭരണകൂടം ഒമ്പത് ഐഎസ് ഐഎസ് ഉദ്യോഗസ്ഥരെയും റെയ്ഡുകളിൽ അറസ്റ്റ് ചെയ്തിട്ടുണ്ട്, കൊല്ലപ്പെട്ടവരിൽ വിദേശ പൗരന്മാരും ഉൾപ്പെടുന്നുവെന്ന് മുജാഹിദ് കൂട്ടിച്ചേർത്തു.



# സംസ്ഥാനത്ത് പച്ചമുട്ട ഉപയോഗിച്ചുള്ള മയോണൈസ് ഒഴിവാക്കാൻ തീരുമാനം

**തിരുവനന്തപുരം:** സംസ്ഥാനത്ത് വെജിറ്റബിൾ മയോണൈസോ പാസ്ചറൈസ് ചെയ്ത മുട്ട ഉപയോഗിച്ചുകൊണ്ടുള്ള മയോണൈസോ ഉപയോഗിക്കാൻ തീരുമാനം. പച്ചമുട്ട ഉപയോഗിച്ചുള്ള മയോണൈസ് പാടില്ല. ആരോഗ്യമന്ത്രി വീണാ ജോർജിന്റെ അധ്യക്ഷതയിൽ ഹോട്ടൽ, റെസ്റ്റോറന്റ്, ബേക്കറി, വഴിയോര കച്ചവടക്കാർ, കാറ്ററിങ് എന്നീ മേഖലകളിലെ സംഘടനാ പ്രതിനിധികളുമായുള്ള യോഗത്തിലാണ് തീരുമാനം. കൂടുതൽ നേരം മയോണൈസ് വച്ചിരുന്നാൽ അപകടകരമാകുന്നതിനാൽ ഈ നിർദേശത്തോട് എല്ലാവരും യോജിച്ചു. ആരോഗ്യ സംരക്ഷണത്തിന് ഭക്ഷ്യസുരക്ഷ ഉറപ്പാക്കണമെന്ന് മന്ത്രി പറഞ്ഞു. ഭക്ഷണം പാഴ്സൽ കൊടുക്കുമ്പോൾ നൽകുന്ന സമയവും എത്ര നേരത്തിനുള്ളിൽ ഉപയോഗിക്കണം എന്നതും രേഖപ്പെടുത്തിയ സ്റ്റിക്കർ പതിപ്പിക്കണം. ആ സമയം കഴിഞ്ഞ് ആ ഭക്ഷണം കഴിക്കാൻ പാടുള്ളതല്ല. എല്ലാ സ്ഥാപനങ്ങളും രജിസ്ട്രേഷനോ ലൈസൻസോ എടുക്കണം. ഭക്ഷ്യസുരക്ഷാ വകുപ്പ് നടപ്പിലാക്കുന്ന ഹൈജീൻ റേറ്റിങ്ങിൽ എല്ലാ സ്ഥാപനങ്ങളും സഹകരിക്കേണ്ടതാണ്. ശുചിത്വം ഉറപ്പാക്കി നല്ല രീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ നല്ല രീതിയിൽ അവതരിപ്പിക്കാനുമുള്ള ഒരിടം കൂടിയാണിതെന്നും മന്ത്രി പറഞ്ഞു.എല്ലാ സ്ഥാപനങ്ങളും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ടോൾഫ്രീ നമ്പർ പ്രദർശിപ്പിക്കണം. ജീവനക്കാർ മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടിയിരിക്കണം. എല്ലാവരും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരിശീലനം നേടിയിരിക്കണം. സ്ഥാപനം ചെറുതോ വലുതോ എന്നല്ല, ശുചിത്വം വളരെ പ്രധാനമാണ്. ഭക്ഷ്യസുരക്ഷാ രംഗത്ത് സംഘടനാ പ്രതിനിധികൾ സഹകരണം ഉറപ്പ് നൽകി. സംഘടനകൾ സ്വന്തം നിലയിൽ ടീം രൂപീകരിച്ച് പരിശോധിച്ച് പോരായ്മകൾ നികത്തുകയും ശുചിത്വം ഉറപ്പ് വരുത്തുകയും ചെയ്യും. ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ഭക്ഷ്യ സുരക്ഷാ കമ്മീഷണർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.



# ജോഷിമഠിലെ 2 ഹോട്ടലുകൾ പൊളിക്കും, സർവേ ഉടൻ പൂർത്തിയാവും; വിപണിമൂല്യം അനുസരിച്ച് നഷ്ടപരിഹാരം

**ദെഹ്റാദൂൺ:** ജോഷിമഠിൽ പൊളിച്ചുനീക്കുന്ന കെട്ടിടങ്ങളുടെ ഉടമകൾക്ക് വിപണി മൂല്യം അനുസരിച്ചുള്ള നഷ്ടപരിഹാരം നൽകുമെന്ന് വ്യക്തമാക്കി ഉത്തരാഖണ്ഡ് സർക്കാർ. നിലവിൽ ജോഷിമഠിലെ മലരി ഇൻ, മൗണ്ട് വ്യൂ ഹോട്ടൽ എന്നിവ പൊളിച്ചുനീക്കാനാണ് തീരുമാനം. വീടുകളുടെയും മറ്റ് കെട്ടിടങ്ങളുടേയും അവസ്ഥ പഠിക്കുന്നതിനായുള്ള സർവേ ഒരാഴ്ചക്കുള്ളിൽ പൂർത്തിയാക്കുമെന്നും സർക്കാർ വ്യക്തമാക്കി. കഴിഞ്ഞ ഡിസംബർ മുതലാണ് സമുദ്രനിരപ്പിൽ നിന്ന് 6107 അടി ഉയരത്തിലുള്ള ജോഷിമഠ് നഗരത്തിലെ കെട്ടിടങ്ങളിൽ വിള്ളലുകൾ കണ്ടുതുടങ്ങിയത്. പിന്നീട് ദിവസങ്ങൾ കഴിയും തോറും പ്രശ്നം രൂപക്ഷായി വന്നു. കൂടുതൽ കെട്ടിടങ്ങളിൽ വിള്ളലുണ്ടാവുകയും ഭൂമി ഇടിഞ്ഞ് താഴുകയും ചെയ്തതോടെ പ്രശ്നം ഗുരുതരമാവുകയായിരുന്നു. നഗരത്തിലെ 600 ൽ ഏറെ കുടുംബങ്ങളെ ഒഴിപ്പിച്ചിട്ടുണ്ട്.അതേസമയം ഹോട്ടലുകൾ പൊളിച്ചുനീക്കാനുള്ള ശ്രമം ചൊവ്വാഴ്ച ഹോട്ടലുടമകൾ തടസപ്പെടുത്തിയിരുന്നു. പൊളിക്കുന്ന കാര്യം അധികാരികൾ തങ്ങളെ അറിയിച്ചില്ലെന്ന് കാണിച്ചാണ് കെട്ടിടം ഉടമകൾ രംഗത്തുവന്നത്. ജോഷിമഠിലെ കെട്ടിടം ഉടമകളുമായും നാട്ടുകാരുമായും ഉത്തരാഖണ്ഡ് മുഖ്യമന്ത്രി പുഷ്കർ സിങ് ധാമിയുടെ സെക്രട്ടറി ആർ. മീനാക്ഷി സുന്ദരം കൂടിക്കാഴ്ചനടത്തിയിരുന്നു. ബാധിക്കപ്പെട്ട കുടുംബങ്ങൾക്ക് 1.5 ലക്ഷം രൂപ നൽകുമെന്ന് ഉത്തരാഖണ്ഡ് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

# മകരവിളക്ക് ദിവസം ഭക്തർക്ക് പമ്പ യിൽ നിന്ന് പ്രവേശനം ഉച്ചയ്ക്ക് 12 വരെ മാത്രം; ശബരിമലയിൽ തിരക്ക് നിയന്ത്രിക്കാൻ മുന്നൊരുക്കങ്ങളുമായി പൊലീസ്

പത്തനംതിട്ട: മകരവിളക്ക് ദിവസം തിരക്ക് നിയന്ത്രിക്കുന്നതിനായി സന്നിധാനത്തേയ്ക്കുള്ള പ്രവേശനം ഉച്ചയ്ക്ക് 12 വരെയാക്കി നിജപ്പെടുത്തി. 12ന് ശേഷം യാതൊരു കാരണവശാലും ഭക്തരെ പമ്പയിൽ നിന്ന് സന്നിധാനത്തേയ്ക്ക് പ്രവേശിപ്പിക്കില്ല. തിരക്ക് നിയന്ത്രിക്കാൻ വൻ സന്നാഹവും പൊലീസ് ഒരുക്കിയിട്ടുണ്ട്. കൊവിഡ് നിയന്ത്രണങ്ങൾ മാറിയിട്ടുള്ള മകരവിളക്ക് മഹോത്സവം ആയതിനാൽ റെക്കോർഡ് തീർത്ഥാടകർ വരുമെന്നാണ് പ്രതീക്ഷ. മകരജ്യോതി ദർശിക്കുന്നതിന് ഭക്തർ ഇപ്പോൾ തന്നെ സ്ഥലം പിടിച്ചു തുടങ്ങി. തീർത്ഥാടകർക്ക് സുഖകരമായ ദർശനവും സുരക്ഷയും ഒരുക്കാനുള്ള ശ്രമത്തിലാണ് പൊലീസ്. തീർത്ഥാടകർ കൂടുതലായി നിൽകുന്ന പാണ്ടിത്താവളം, മാഗുംണ്ട, അയ്യപ്പനിലയം തുടങ്ങിയ പോയിന്റുകളിലെല്ലാം മതിയായ സുരക്ഷ ഉറപ്പുവരുത്തും. ഇടുക്കിയിൽ മകരവിളക്ക് കാണാൻ കഴിയുന്ന മൂന്നിടങ്ങളിലും ഒരുക്കങ്ങൾ അവസാന ഘട്ടത്തിലെത്തി. സുരക്ഷാ ക്രമീകരണങ്ങൾ വിലയിരുത്താൻ റേഞ്ച് ഐജിയും ഡിഐജിയും പുല്ലുമേട്, പാഞ്ചാലിമേട്, പരുന്തുംപാറ എന്നിവിടങ്ങളിലെത്തി പരിശോധന നടത്തി. 102 പേരുടെ മരണത്തിനിടയാക്കിയ ദുരന്തത്തിനു ശേഷമാണ് മകരജ്യോതി കാണാൻ പുല്ലുമേട്ടിലേക്കെത്തുന്നവരുടെ എണ്ണം കുറഞ്ഞത്. ദുരന്തത്തിനു മുൻപ് വരെ മകരവിളക്ക് കാണാൻ ഒരു ലക്ഷത്തിലധികം പേരാണ് പല്ലുമേട്ടിൽ തമ്പടിച്ചിരുന്നത്. രണ്ട് വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് പുല്ലുമേട്ടിലേയ്ക്ക് ആളുകളെ കടത്തിവിടുന്നത്.





# വയനാട്ടിൽ തുണിയലക്കാൻ പുഴയിൽ ഇറങ്ങിയ യുവതിയെ മുതല ആക്രമിച്ചു

പനമരം: വയനാട് പനമരത്ത് മുതലയുടെ ആക്രമണത്തിൽ യുവതിക്ക് പരിക്ക്. പനമരം പുഴയിൽ തുണിയലക്കാൻ ഇറങ്ങിയ പരക്കുനി കോളനിയിലെ സരിതയെയാണ് മുതല ആക്രമിച്ചത്. സരിതയുടെ കൈയ്ക്കാണ് പരിക്കേറ്റത്. തലനാരിഴയ്ക്കാണ് യുവതി രക്ഷപ്പെട്ടത്. കൂടുതൽ വിവരങ്ങൾ വ്യക്തമായിട്ടി



# സി പി എമ്മിൽ തർക്കം രൂക്ഷം; കുട്ടനാട്ടിലെ പുളിങ്കുന്നം ലോക്കൽ കമ്മിറ്റിയിൽ കൂട്ട രാജി

ആലപ്പുഴ: കുട്ടനാട് സി പി എമ്മിലെ ഭിന്നതയെ തുടർന്ന് കൂട്ടരാജി. പാർട്ടിയുടെ ശക്തി കേന്ദ്രങ്ങളായ പുളിങ്കുന്നം, രാമങ്കരി പ്രദേശങ്ങളിൽ നിന്നാണ് കൂടുതൽ രാജി. പുളിങ്കുന്നം ലോക്കൽ കമ്മിറ്റിയിലെ മുഴുവൻ അംഗങ്ങളും രാജിക്കത്ത് നൽകി. ഏരിയാ കമ്മിറ്റി നേതൃത്വവുമായി ബന്ധപ്പെട്ട തർക്കത്തെ തുടർന്നാണ് രാജി. രാജിക്കത്ത് നൽകിയതിൽ ലോക്കൽ കമ്മിറ്റി സെക്രട്ടറിയും ഏരിയ കമ്മിറ്റി അംഗവും ഉൾപ്പെടുന്നു. കുട്ടനാട്ടിലെ വിവിധ ഭാഗങ്ങളിൽ നിന്ന് ഒരു മാസത്തിനിടെ 280 പേർ പാർട്ടി വിട്ടു. നാളെ മന്ത്രി സജി ചെറിയാന്റെ സാന്നിധ്യത്തിൽ അടിയന്തര ഏരിയ കമ്മിറ്റി യോഗം ചേരും. പുതിയ നേതൃത്വം പഴയകാല നേതാക്കളെ വെട്ടിനിരത്തുന്ന സമീപനം സ്വീകരിക്കുന്നുണ്ട് എന്ന് രാജിവച്ചവർ പറയുന്നു. പുതിയ ആളുകൾക്ക് പാർട്ടിയിൽ കൂടുതൽ പരിഗണന നൽകുന്നു എന്നതാണ് രാജിവച്ച അംഗങ്ങളുടെ ആരോപണം. കഴിഞ്ഞ ഒരാഴ്ചയായി കുട്ടനാട്ടിലെ സി പി എമ്മിൽ ഇത്തരത്തിലുള്ള അസ്വാരസ്യങ്ങൾ ഉണ്ടായിരുന്നു. പക്ഷേ ആ സമയത്തൊന്നും സി പി എമ്മിന്റെ ജില്ലാ നേതൃത്വം വിഷയത്തിൽ ഇടപെട്ടില്ല എന്നൊരു വിമർശനം സി പി എം ജില്ലാ സെക്രട്ടറിയേറ്റിൽ ഉയർന്നു. തുടർന്നാണ് അനുരഞ്ജന യോഗം തീരുമാനിച്ചത്.



# കുഞ്ഞു കിയോസ്ക് പാൻ വിൽപ്പനക്കാരൻ ലേലത്തിൽ പിടിച്ചത് മൂന്ന് ലക്ഷം രൂപ മാസവാടകയ്ക്ക്,

**നോയിഡ :** ഇന്ത്യൻ മഹാനഗരങ്ങളുടെ പട്ടികയിലേക്ക് ചേക്കേറാൻ മത്സരിക്കുകയാണ് രാജ്യത്തെ നിരവധി നഗരങ്ങൾ. ഉത്തരേന്ത്യയിലെ നോയിഡ ഈ പട്ടികയിലെ ആദ്യ സ്ഥാനത്തോവും ഉണ്ടാവുക.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ലക്ഷക്കണക്കിനാളുകളാണ് ഈ നഗരത്തിൽ ചേക്കേറുന്നത്. വാണിജ്യ സ്ഥാപനങ്ങളുടെ വാടകയിലും വൻ വർദ്ധനവാണ് നോയിഡയിൽ അടുത്തകാലത്തായി ഉണ്ടായിരിക്കുന്നത്. അടുത്തിടെ ഒരു പാൻ കച്ചവടക്കാരൻ കുഞ്ഞു കിയോസ്ക് ലേലത്തിൽ പിടിച്ച തുക പുറത്തുവന്നതോടെ നോയിഡയുടെ വികസനക്കുതിപ്പിനെ കുറിച്ച് സമൂഹമാദ്ധ്യമങ്ങളിൽ ചർച്ച ആരംഭിച്ചിട്ടുണ്ട്.

നോയിഡ സെക്ടർ 18ൽ ചെറിയ കിയോസ്കിന്റെ വാടകയായി നോയിഡ അതോറിട്ടിക്ക് ലേലത്തിലൂടെ വമ്പൻ തുകയാണ് ലഭിച്ചത്. ഇരുപതുപേരാണ് ലേലം കൊള്ളാൻ എത്തിയത്. എന്നാൽ ഒരു പാൻ വിൽപ്പനക്കാരനാണ് ലേലത്തിൽ വിജയിച്ചത്. സിഗരറ്റ്, ബീഡി, ഗുട്ഖ വിൽപ്പനക്കാരനായ ഇയാൾ പ്രതിമാസം 3.35 ലക്ഷം രൂപയ്ക്കാണ് കിയോസ്ക് സ്വന്തമാക്കിയത്. കേവലം 7.59 ചതുരശ്ര മീറ്ററാണ് വ്യാപാര സ്ഥാപനത്തിന്റെ വലിപ്പം. കടയുടെ അടിസ്ഥാന വാടകയായി നോയിഡ അതോറിട്ടി നിശ്ചയിച്ചിരുന്നത് 27,000 രൂപയായിരുന്നു. എന്നാൽ ലേലം മുറുകിയപ്പോൾ തുക ലക്ഷങ്ങളിലേക്ക് ഉയർന്നു. ലേലം കൊണ്ടയാൾ അടുത്ത 14 മാസത്തേയ്ക്കുള്ള തുക ഒന്നിച്ച് കെട്ടിവയ്ക്കണം. ഇത് ഉദ്ദേശം 45 ലക്ഷം വരും.

# സംസ്ഥാനത്തെ 33 തടവുകാർക്ക് പ്രത്യേക ശിക്ഷാ ഇളവ് നൽകാൻ ഗവർണറോട് ശുപാർശ ചെയ്യാൻ തീരുമാനം,

**തിരുവനന്തപുരം:** ആസാദി കാ അമൃത് മഹോൽസവ് ആഘോഷത്തിന്റെ ഭാഗമായി രണ്ടാം ഘട്ടത്തിൽ പ്രത്യേക ശിക്ഷാ ഇളവിന് ശുപാർശ ചെയ്ത 34 തടവുകാരിൽ ഒരാളെ ഒഴിവാക്കി 33 പേർക്ക് ഭരണഘടനയുടെ 161 അനുച്ഛേദം നൽകുന്ന അധികാരം ഉപേയാഗിച്ച് അകാല വിടുതൽ അനുവദിക്കാൻ ഗവർണറോട് ശുപാർശ ചെയ്യാൻ മന്ത്രിസഭായോഗത്തിൽ തീരുമാനം.

ആഭ്യന്തര അഡീഷണൽ ചീഫ് സെക്രട്ടറി, നിയമവകുപ്പ് സെക്രട്ടറി, ജയിൽ വകുപ്പ് മേധാവി എന്നിവർ അടങ്ങുന്ന സമിതി നൽകിയ ശുപാർശ അംഗീകരിച്ചാണ് തീരുമാനം.

മന്ത്രിസഭാ യോഗത്തിലെ മറ്റു തീരുമാനങ്ങൾ–

ഉത്തരവാദിത്ത ടൂറിസം മിഷൻ ഇനി സൊസൈറ്റി രൂപത്തിൽ പ്രവർത്തിക്കും

സംസ്ഥാന ടൂറിസം വകുപ്പിന്റെ കീഴിലുള്ള ഉത്തരവാദിത്ത ടൂറിസം മിഷൻ ഇനി സൊസൈറ്റി രൂപത്തിൽ പ്രവർത്തിക്കും. ഉത്തരവാദിത്ത ടൂറിസം മിഷനെ സൊസൈറ്റി ആയി രൂപീകരിക്കുന്നതിനുള്ള കരട് മെമ്മോറാണ്ടം ഒഫ് അസോസിയേഷനും റൂൾസ് ആൻഡ് റെഗുലേഷൻസും മന്ത്രിസഭ അംഗീകരിച്ചു. ഇതോടെ പ്രാദേശിക ജനവിഭാഗങ്ങൾക്ക് ടൂറിസം മേഖലയിൽ വിവിധ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പരിശീലനം, മാർക്കറ്റിംഗ്, മറ്റ് പിന്തുണാ സംവിധാനങ്ങൾ തുടങ്ങിയവ ഉറപ്പുനൽകുന്ന സർക്കാർ ഉടമസ്ഥതയിലുള്ള ആദ്യ സൊസൈറ്റിയായി ഉത്തരവാദിത്ത ടൂറിസം മാറും.

ടൂറിസം മന്ത്രി ചെയർമാനും ടൂറിസം സെക്രട്ടറി വൈസ് ചെയർമാനും നിലവിലെ സംസ്ഥാന ഉത്തരവാദിത്ത മിഷൻ കോർഡിനേറ്റർ സിഇഒ യുമായി പ്രവർത്തിക്കുന്ന രൂപത്തിലായിരിക്കും സൊസൈറ്റിയുടെ ഘടന.

സൊസൈറ്റിയാകുന്നതോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും മറ്റ് ഏജൻസികളിൽ നിന്നും ഫണ്ട് കൈപ്പറ്റാൻ ഉത്തരവാദിത്ത ടൂറിസത്തിന് തടസമുണ്ടാകില്ല. യുഎൻഡിപി നൽകിവരുന്ന കോ ഫണ്ടിംഗ് രീതി സൊസൈറ്റി അല്ലാത്തതിനാൽ അവസാനിപ്പിച്ചിരുന്നു. ഇതിനും മാറ്റം വരും. സ്വതന്ത്ര സ്വഭാവത്തിൽ പ്രവർത്തിക്കാൻ കഴിയുന്നതിലൂടെ ഭാവിയിൽ പ്ലാൻഫണ്ട് വിനിയോഗം കുറച്ചു കൊണ്ടുവരാൻ സാധിക്കും.

2017 ൽ മിഷന് 40 തസ്തികൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. സൊസൈറ്റിയാക്കുമ്ബോൾ പുതിയ തസ്തിക, അസറ്റ് ക്രിയേഷൻ എന്നിവ ഉണ്ടാകില്ല. അതിനാൽ അധിക സാമ്ബത്തിക ബാദ്ധ്യത വരില്ലെന്നാണ് നിഗമനം. എന്നാൽ രജിസ്ട്രേഷൻ ഫീസ്, കൺസൾട്ടൻസി ചാർജ്, ഉത്പന്ന വിപണനത്തിലൂടെയുള്ള കമ്മീഷൻ, പരിശീലനം നൽകുന്നതിനുള്ള ഫീസ് തുടങ്ങിയവ ഈടാക്കാൻ സാധിക്കുന്നതോടെ വരുമാനം വർദ്ധിക്കുമെന്നാണ് സർക്കാരിന്റെ കണക്കുകൂട്ടൽ. സൊസൈറ്റിയാകുന്നതോടെ സ്വതന്ത്ര സ്വഭാവത്തോടെ കൂടുതൽ മേഖലകളിൽ പ്രവർത്തിക്കാൻ സാധിക്കും.

ഉത്തരവാദിത്ത ടൂറിസം മിഷന് കീഴിൽ നിലവിൽ 24000 പ്രാദേശിക യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയ്ക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നുണ്ട്. 1,50,000 കുടുംബങ്ങൾക്ക് മിഷൻ വഴി വരുമാനം ലഭിക്കുന്നുണ്ട്.

റീബിൽഡ് കേരള ഇനിഷ്യേറ്റിവ് മുഖേന നടപ്പാക്കുന്ന പദ്ധതി നിർദേശങ്ങൾക്ക് അംഗീകാരം

റീബിൽഡ് കേരള ഇനിഷ്യേറ്റിവിന് കീഴിൽ നടപ്പാക്കാൻ വിവിധ വകുപ്പുകൾ സമർപ്പിച്ച പദ്ധതി നിർദേശങ്ങൾക്ക് തത്വത്തിൽ അംഗീകാരം.

എറണാകുളം ജില്ലയിലെ എളംകുളത്ത് പുതുതായി പൂർത്തീകരിച്ച 5 എം എൽ ഡി സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റിനോട് അനുബന്ധിച്ച് കൊച്ചി കോർപ്പറേഷനിലെ 54ാം ഡിവിഷനിൽ ഭൂഗർഭ സ്വീവറേജ് ശൃഖലയുടെയും അനുബന്ധ ഘടകങ്ങളുടെയും നിർമ്മാണം അംഗീകരിച്ചു. 63.91 കോടി രൂപയാണ് ചെലവ്.

റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ എന്നിവിടങ്ങളിൽ 60 കോടി രൂപ ചെലവിൽ റോബോട്ടിക് സർജറി സംവിധാനം സ്ഥാപിക്കും. രണ്ടിടത്തും 18.87 കോടി രൂപ ചെലവിൽ ഡിജിറ്റൽ പാത്തോളജി മികവിന്റെ കേന്ദ്രങ്ങളും സ്ഥാപിക്കും. ഇതോടൊപ്പം റസിലിയന്റ് കേരള ഫലപ്രാപ്തിയാധിഷ്ഠിത പദ്ധതിയുടെ കീഴിൽ ഉഘക 6 പൂർത്തീകരിക്കുന്നതിന് ആരോഗ്യകുടുംബക്ഷേമ വകുപ്പ് സമർപ്പിച്ച 49.02 കോടി രൂപയുടെ രണ്ടാം വർഷത്തേക്കുള്ള വിശദ പ്രവർത്തന രൂപരേഖയ്ക്ക് തത്വത്തിൽ അംഗീകാരം നൽകി.

റിപ്പബ്ലിക് ദിന പരേഡിൽ അഭിവാദ്യം സ്വീകരിക്കും

2023 ലെ റിപ്പബ്ലിക് ദിനാഘോഷത്തോടനുബന്ധിച്ച് വിവിധ സേനാവിഭാഗങ്ങൾ നടത്തുന്ന പരേഡുകളിൽ തിരുവനന്തപുരത്തെ സംസ്ഥാനതല ചടങ്ങിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ അഭിവാദ്യം സ്വീകരിക്കും. ഗവർണറോടൊപ്പം മന്ത്രി വി. ശിവൻകുട്ടി പങ്കെടുക്കും.

ജില്ലാ ആസ്ഥാനങ്ങളിൽ പങ്കെടുത്ത് അഭിവാദ്യം സ്വീകരിക്കുന്ന മന്ത്രിമാർ

കൊല്ലം– കെ.എൻ. ബാലഗോപാൽ
പത്തനംതിട്ട– വീണ ജോർജ്ജ്
ആലപ്പുഴ– സജി ചെറിയാൻ
കോട്ടയം– ജെ ചിഞ്ചുറാണി
ഇടുക്കി– റോഷി അഗസ്റ്റിൻ
എറണാകുളം– പി. രാജീവ്
തൃശ്ശൂർ– കെ. രാജൻ
പാലക്കാട്– എം.ബി. രാജേഷ്
മലപ്പുറം– കെ. കൃഷ്ണൻകുട്ടി
കോഴിക്കോട്– എ.കെ. ശശീന്ദ്രൻ
വയനാട്– ഡോ. ആർ ബിന്ദു
കണ്ണൂർ– കെ. രാധാകൃഷ്ണൻ
കാസർഗോഡ് – അഹമ്മദ് ദേവർകോവിൽ

വീരമൃത്യു വരിച്ച സൈനികന്റെ ഭാര്യക്ക് ജോലി

സൈനിക സേവനത്തിനിടെ 26.04.2000ൽ ജമ്മു കാശ്മീരിൽ നടന്ന ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ട ലാൻസ് നായിക്ക് സൈമൺ ജെയുടെ മകൾ സൗമ്യക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകാൻ തീരുമാനിച്ചു.ആർമി ഓഫീസിൽ നിന്ന് ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാൻ 21വർഷം വൈകി എന്ന സൗമ്യയുടെ അപേക്ഷ അംഗീകരിച്ച് പ്രത്യേക കേസായി പരിഗണിച്ചാണ് നിയമനം.

ശിക്ഷാ ഇളവ്

ആസാദി കാ അമൃത് മഹോൽസവ് ആഘോഷത്തിന്റെ ഭാഗമായി രണ്ടാം ഘട്ടത്തിൽ പ്രത്യേക ശിക്ഷാ ഇളവിന് ശുപാർശ ചെയ്ത 34 തടവുകാരിൽ ഒരാളെ ഒഴിവാക്കി 33 പേർക്ക് ഭരണഘടനയുടെ 161 അനുച്ഛേദം നൽകുന്ന അധികാരം ഉപേയാഗിച്ച് അകാല വിടുതൽ അനുവദിക്കാൻ ഗവർണറോട് ശുപാർശ ചെയ്യാൻ തീരുമാനിച്ചു. ആഭ്യന്തര അഡീഷണൽ ചീഫ് സെക്രട്ടറി, നിയമവകുപ്പ് സെക്രട്ടറി, ജയിൽ വകുപ്പ് മേധാവി എന്നിവർ അടങ്ങുന്ന സമിതി നൽകിയ ശുപാർശ അംഗീകരിച്ചാണ് തീരുമാനം.

നഷ്ടപരിഹാരം

കൊല്ലം ജില്ലയിലെ അഷ്ടമുടി കായലിൽ നീണ്ടകര അഴിമുഖത്തോട് ചേർന്ന് സ്ഥാപിച്ചിരുന്ന ഊന്നി / കുറ്റിവലകൾ നീക്കം ചെയ്തതിന് നഷ്ടപരിഹാരമായി ഒരു കോടി 13 ലക്ഷം രൂപ അനുവദിച്ചു. 38 ഊന്നി / കുറ്റിവല ഉടമകൾക്കാണ് നഷ്ടപരിഹാരം ലഭിക്കുക. ഈ പ്രദേശത്ത് ഇനി ഊന്നി / കുറ്റിവലകൾ സ്ഥാപിക്കപ്പെടുന്നില്ല എന്ന് ഫിഷറീസ്ജലവിഭവ വകുപ്പുകൾ ഉറപ്പു വരുത്തണം എന്ന വ്യവസ്ഥയോടെയാണ് നഷ്ടപരിഹാരം അനുവദിച്ചിരിക്കുന്നത്.

ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ കരട് സംഘടനാപ്രമാണത്തിനും നിയമാവലിക്കും അംഗീകാരം

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ കരട് സംഘടനാപ്രമാണം, നിയമാവലി എന്നിവയ്ക്ക് അംഗീകാരം നൽകി. ഗവേർണിംഗ് കൗൺസിലിൽ സർക്കാർ നോമിനികളായി വില്യം ഹാൾ (യുണിവേഴ്സിറ്റി കോളേജ് ഡബ്ലിനിലെ സ്കൂൾ ഒഫ് മെഡിസിൻ വിഭാഗം പ്രൊഫസർ, സീനിയർ ഉപദേഷ്ടാവ് ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് അഡ്വാൻസ്ഡ് വൈറോളജി), എം സി ദത്തൻ, പ്രൊഫ. എം രാധാകൃഷ്ണപ്പിള്ള. പ്രൊഫ. സുരേഷ് ദാസ്, പ്രൊഫ. എസ് മൂർത്തി ശ്രീനിവാസുല, ഡോ. ബി ഇക്ബർ, ഡോ. ജേക്കബ് ജോൺ എന്നിവരെ തീരുമാനിച്ചു.



ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് അഡ്വാൻസ്ഡ് വൈറോളജി സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്നതിന് 8 അംഗങ്ങളെയും ഉൾപ്പെടുത്തി.

സർക്കാർ ഗ്യാരന്റി

ദേശീയ സഫായി കർമ്മചാരി ധനകാര്യ വികസന കോർപ്പറേഷന്റെ പദ്ധതികൾ വിപുലമായി നടപ്പാക്കുന്നതിനായി സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന് 2022–23, 2023–24 സാമ്ബത്തിക വർഷങ്ങളിൽ 100 കോടി രൂപയുടെ അധിക സർക്കാർ ഗ്യാരന്റി വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ചു.

നിയമനം

കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറായി എസ്. അനിൽ ദാസിന് വ്യവസ്ഥകൾക്ക് വിധേയമായി പുനർനിയമനം നൽകാൻ തീരുമാനിച്ചു.





# മണ്ണിന്റെ സാധ്യത ആരാഞ്ഞ്, കലാനിർവൃതി തേടി, ബിനാലെ ശിൽപശാല



കൊച്ചി: ബിനാലെയുടെ ആർട്ട് ബൈ ചിൽഡ്രൻ ആർട്ടറൂമിന്റെ ഭാഗമായി ഫോർട്ടുകൊച്ചി കബ്രാൾ യാർഡിൽ ആരംഭിച്ച ത്രിദിന ടെറാക്കോട്ട നിർമ്മാണ ശിൽപശാല 'ലിവിംഗ് ഹെറിറ്റേജി'ൽ പങ്കെടുക്കുന്നത് വിരമിച്ച കോളേജ് അധ്യാപികയും ഡോക്ടറും സ്കൂൾ വിദ്യാർത്ഥികളും ഉൾപ്പെടെ സമൂഹത്തിന്റെ എല്ലാതലങ്ങളിലും നിന്നുള്ളവർ. കളിമണ്ണിൽ സർഗാത്മക നിർവൃതി തേടുകയാണിവർ.നേരത്തെയുള്ള അദമ്യമായ ആഗ്രഹമാണ് എറണാകുളം സെന്റ് തെരേസാസ് കോളേജിലെ ഹോം സയൻസ് വിഭാഗം മുൻ മേധാവി താര സെബാസ്റ്റ്യൻ ശിൽപശാലയിൽ ഭാഗഭാക്കായി സഫലമാക്കുന്നത്. 'സ്വന്തമായി കലാ സൃഷ്ടി നടത്താൻ ഏറെ കൊതിച്ചിരുന്നെങ്കിലും ഔദ്യോഗിക തിരക്കുകൾ തടസമായി. വിരമിച്ചിട്ട് ഒന്നര വർഷമായ വേളയിൽ കൈവന്ന അവസരം ഏറെ സന്തോഷം പകരുന്നു.മണ്ണിൽ കൈകൊണ്ട് കുഴയ്ക്കുമ്പോൾ അനുഭവിക്കുന്ന ഫീൽ അത് പറഞ്ഞറിയിക്കാൻ പറ്റുന്നതല്ല. മനസ് കനം കുറഞ്ഞ് എല്ലാറ്റിലും ചുറ്റുപാടിലും നിന്ന് സ്വാതന്ത്രമാകുന്നു' - താര സെബാസ്റ്റ്യൻ പറഞ്ഞു.ക്ലിനിക്കിന് അവധി നൽകി ഫോർട്ടുകൊച്ചി സ്വദേശിയായ ദന്ത ഡോക്ടർ ഫർഹാൻ കബീർ ശിൽപശാലയിൽ പങ്കെടുക്കുന്നത് മണ്ണിൽ ശിൽപം മെനയുന്നതിൽ അത്രകണ്ട് താൽപര്യമുള്ളതിനാൽ. ചിത്രകാരൻ ആണെങ്കിലും മണ്ണിൽ ശിൽപങ്ങളൊരുക്കുന്നത് കൂടുതൽ സംതൃപ്തി നൽകുന്നതാണെന്ന് ഡോക്ടർ. കളിമണ്ണിലെ സൃഷ്ടി മൊത്തം കയ്യുപയോഗിച്ചാണെന്നതിനാൽ അതിൽ മുഴുകിപ്പോകുകയാണെന്നും പറഞ്ഞറിയിക്കാനാകാത്ത വേറിട്ട അനുഭവമാണെന്നും അദ്ദേഹം പറഞ്ഞു. പങ്കെടുക്കുന്ന എല്ലാവരും പ്രായഭേദമെന്യ മികച്ച പ്രകടനം നടത്തുന്നുവെന്ന് ശിൽപശാല നയിക്കുന്ന ശാലിനിയും വിജയലക്ഷ്മിയും വ്യക്തമാക്കി. നിലമ്പൂർ അരുവാക്കോട് പരമ്പരാഗതമായി കളിമൺ പാത്രനിർമ്മാണത്തിൽ പ്രാവീണ്യമുണ്ട് ഇരുവർക്കും. ചട്ടിയും കലവും നിർമ്മിക്കുന്നതിനപ്പുറത്ത് വൈവിധ്യങ്ങളായ മറ്റു നിത്യോപയോഗ വസ്തുക്കൾ കൂടുതൽ കലാതികവിൽ മെനയുന്നതിൽ പരിശീലനം ലഭിച്ചതോടെയാണ് ആ അറിവുകൾ മറ്റുള്ളവർക്കും പകർന്നു നൽകാൻ ആരംഭിച്ചത്.'മണ്ണാണെല്ലാം, അതിൽ എന്തും സൃഷ്ടിക്കാം. ആ സാധ്യതകൾ ആരായുന്ന ശിൽപശാലയിൽ പങ്കെടുക്കുന്നവർക്ക് ഇഷ്ടമനുസരിച്ച് എന്തുമുണ്ടാക്കാം. അതിന് വേണ്ട പ്രയോഗിക വസ്തുതകൾ മനസിലാക്കി നൽകുകയും ചെയ്തു കാണിക്കുകയുമാണ് തങ്ങളുടെ ചുമതല. ഒറ്റ ദിവസം മാത്രം ക്ലാസിൽ പങ്കെടുക്കാൻ എത്തിയവർ ഇപ്പോൾ അവസാനം വരെ ശിൽപശാലയിൽ പങ്കെടുക്കാൻ താൽപര്യപ്പെടുന്നത് ഏറെ ആവേശകരമാണ്. മനസിന്റെ നിർവൃതിയാണ് കളിമണ്ണിലെ നിർമ്മാണ വൃത്തിയുടെ ആത്യന്തിക സവിശേഷത' - ശാലിനിയും വിജയലക്ഷ്മിയും വിശദീകരിച്ചു.നാളെ (ജനുവരി 12) സമാപിക്കുന്ന ശിൽപശാലയിൽ ഒരു ദിവസത്തേക്ക് മാത്രമായും പങ്കെടുക്കാം. പ്രവേശനം സൗജന്യമാണ്



## ഭിഷാടന നിരോധന ഓർഡിനൻസിനെതിരെ നിയമനടപടികൾ സ്വീകരിക്കുന്നു

**ഡാളസ് :** തെരുവോരങ്ങളിലും, പൊതുസ്ഥലങ്ങളിലും ഭിക്ഷാടനം നിരോധിച്ച ഡാളസ് കൗണ്ടി ഓർഡിനൻസ് ചോദ്യം ചെയ്ത് ടെക്സസ് സിവിൽ റൈറ്റ്സ് പ്രൊജക്റ്റ് അറ്റോർണി ട്രാവിസ് ഫിഫി ലൊസ്യൂട്ട് ഫയൽ ചെയ്തു.പൊതുജനങ്ങളുടെ യാത്രാസുരക്ഷിതത്വത്തിന് ഭീഷിണിയാണ് തെരുവോരങ്ങളിലും, മീഡിയനുകളിലും ഭവനരഹിതർ നടത്തുന്ന ഭിഷാടനം എന്ന് ബോധ്യപ്പെട്ടതോടെയാണ് ഡാളസ് കൗണ്ടി കഴിഞ്ഞ ഒക്ടോബറിൽ പാൻ ഹാൻഡലിംഗ്(ഭിഷാടനം നിരോധിച്ചു ഓർഡിനൻസ് ഇറക്കിയത്.ഈ ഉത്തരവ് ഡാളസ് സിറ്റിയിലെ ഭവനരഹിതരുടെയും, അംഗവൈകല്യം ബാധിച്ചവരുടേയും അവകാശങ്ങൾ നിഷേധിക്കുന്നതാണെന്നും അവർ ഒരു നേരത്തെ ഭക്ഷണത്തിന് ഭിഷാടനം നടത്തുന്നതു തടയാനാവില്ലെന്നും ലൊ സ്യൂട്ടിൽ ചൂണ്ടികാണിക്കുന്നു. മാത്രമല്ല യു.എസ്. ഭരണഘടന നൽകിയിരിക്കുന്ന ഫസ്റ്റ് അമന്റ്മെന്റിന് എതിരാണെന്നും ഇവർ പറയുന്നു.തെരുവോരങ്ങളിൽ ഭിക്ഷാടനം നടത്തുന്നവർ കാൽനടക്കാരുടേയും, വാഹനം ഓടിക്കുന്നവരുടേയും ശ്രദ്ധ ആകർഷിക്കുന്നതുമൂലം സിറ്റിയിൽ ഏകദേശം 30 ശതമാനം മരണം സംഭവിക്കുന്നതായും കൗൺസിൽ കണ്ടെത്തിയിരുന്നു.ഡാളസ് കൗണ്ടിയിലെ കൗൺസിൽമാരിൽ ഒരാളൊഴികെ എല്ലാവരും ഈ ഓർഡിനൻസിന് അനുകൂലമായിരുന്നു.പാൻഹാൻഡലിംഗ് ഭരണഘടന അനുവദിച്ചിരിക്കുന്ന ഫസ്റ്റ് അമന്റ്മെന്റിന്റെ പരിധിയിൽ വരുന്നതാണെന്നും, സിറ്റികൾക്ക് ഇത് നിരോധിക്കാൻ അവകാശമില്ലെന്നും സുപ്രീം കോടതിവിധി നിലവിലുള്ളതാണ് സിവിൽറൈറ്റ്സ് അറ്റോർണി ചൂണ്ടികാട്ടി.



## ഒൻപതു വയസ്സുള്ള സഹോദരനെ കുത്തികൊന്ന 12 വയസ്സുകാരി സഹോദരി കസ്റ്റഡിയിൽ


**ഓക്‌ലഹോമ:** ഓക്‌ലഹോമയിലെ തുൾസായിൽ 9 വയസ്സുള്ള സഹോദരനെ കുത്തി കൊലപ്പെടുത്തിയ കേസിൽ 12 വയസ്സുള്ള സഹോദരിയെ പൊലീസ് കസ്റ്റഡിയിലെടുത്തു. കഴിഞ്ഞ വാരാന്ത്യമാണ് ദുഃഖകരമായ വാർത്ത പുറംലോകത്തെ അറിയിച്ചത്. തുൾസ സിറ്റിയിൽ ഈ വർഷത്തെ രണ്ടാമത്തെ കൊലപാതകമാണിതെന്ന് സിറ്റി പൊലീസ് പറഞ്ഞു. വ്യാഴാഴ്ച രാത്രിയിൽ മാതാപിതാക്കൾ വീടിനു മുകളിലുള്ള മുറിയിൽ കിടന്നുറങ്ങുകയായിരുന്നു. ഈ സമയത്താണ് 12 വയസ്സുകാരി കോണിപടി കയറി ഇവർ കിടക്കുന്ന മുറിയിൽ എത്തിയത്. ഞാൻ സഹോദരനെ കത്തികൊണ്ടു കുത്തി എന്ന് ഈ കുട്ടി മാതാപിതാക്കളോടു പറഞ്ഞു. ഇവർ താഴെ ഇറങ്ങി വന്നപ്പോൾ രക്തത്തിൽ കുളിച്ചു കിടക്കുന്ന 9 വയസ്സുകാരനെയാണ് കണ്ടത്. ഉടനെ ആശുപത്രിയിൽ എത്തിച്ചെങ്കിലും വെള്ളിയാഴ്ച രാവിലെ മരണം സംഭവിക്കുകയായിരുന്നു.സംഭവസ്ഥലത്തു നിന്നും 12 കാരിയെ പിടികൂടിയ പൊലീസ് ജുവനയിൽ ജസ്റ്റിസ് ഫാമിലി സെന്ററിലാക്കി. കുട്ടികളുടെ പേരു വിവരം വെളിപ്പെടുത്താനാവില്ലെന്ന് പൊലീസ് അറിയിച്ചു. തുൾസ പൊലീസ് ചൈൽഡ് ക്രൈസിഡ് ഡിപ്പാർട്ട്മെന്റ് സംഭവത്തെ കുറിച്ചു അന്വേഷണം ആരംഭിച്ചു. സഹോദരനെ കുത്താനുള്ള സാഹചര്യം എന്താണെന്ന് വ്യക്തമല്ലെ

# ഗവൺമെന്റ് രേഖകൾ സ്വകാര്യ ഓഫിസിലേക്ക് മാറ്റിയെന്ന ആരോപണം അതിശയിപ്പിക്കുന്നുവെന്ന് ബൈഡൻ

വാഷിങ്ടൻ ഡി സി: വൈസ് പ്രസിഡന്റ് സ്ഥാനത്തു നിന്നും വിരമിക്കുമ്പോൾ ഗവൺമെന്റ് രേഖകളും ക്ലാസിഫൈഡ് ഡോക്മെന്റ്സും സ്വകാര്യ ഓഫിസിലേക്ക് മാറ്റിയെന്ന ആരോപണം തന്നെ അതിശയിപ്പിക്കുന്നതായി ബൈഡൻ പറഞ്ഞു. യുക്രെയ്ൻ, ഇറാൻ, യുകെ എന്നീ രാജ്യങ്ങളുമായി ബന്ധപ്പെട്ട രേഖകൾ ബൈഡൻ അധികാരമൊഴിയുന്നതോടെ തന്റെ സ്വകാര്യ ഓഫിസിലേക്ക് മാറ്റം ചെയ്തതായി ആരോപണം ഉന്നയിച്ചത് അമേരിക്കയിലെ ഒരു പ്രധാന ദിനപത്രമാണ്. ഏകദേശം പത്ത് സുപ്രധാന രേഖകളാണ് നീക്കം ചെയ്തിരിക്കുന്നതെന്നും പത്രം ചൂണ്ടി കാണിച്ചിരുന്നു.ഇത്തരം രേഖകൾ അവിടെ ഉണ്ടായിരുന്നുവോ എന്ന് പോലും തനിക്ക് അറിയില്ലായിരുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മുൻ പ്രസിഡന്റ് ട്രംപിന്റെ ഫ്ലോറിഡയിലെ വസതിയിൽ നിന്നും നിരവധി ഔദ്യോഗിക രേഖകൾ പിടിച്ചെടുത്തതിനെ കുറിച്ച് അന്വേഷണം നടക്കുന്നതിനിടയിൽ ബൈഡനെതിരെ ഉന്നയിക്കപ്പെട്ടിരിക്കുന്ന ആരോപണം മറ്റൊരു വിവാദത്തിനു തുടക്കമിട്ടിരിക്കയാണ്.അറ്റോർണി ജനറൽ മെറിക് ഗാർലന്റാണ് ട്രംപിന്റെ വസതിയിൽ നിന്നും ഔദ്യോഗിക രേഖകൾ പിടിച്ചെടുത്തത് സംബന്ധിച്ച അന്വേഷണത്തിനു നേതൃത്വം നൽകുന്നത്. യുഎസ് ഹൗസിൽ ഭൂരിപക്ഷമുള്ള റിപ്പബ്ലിക്കൻ പാർട്ടി ബൈഡനെതിരെ അന്വേഷണം ആവശ്യപ്പെട്ട് പ്രമേയം അവതരിപ്പിച്ചാൽ പ്രശ്നങ്ങൾ കൂടുതൽ സങ്കീർണമാകുമെന്നാണ് രാഷ്ട്രീയ നിരീക്ഷകർ വിലയിരുത്തുന്നത്.









# ഇന്ന് ദേശീയ യുവജന ദിനം

സ്വാമി വിവേകാനന്ദന്റെ 154 ആം ജന്മദിനമായ ജനുവരി 12ന് രാജ്യം ദേശീയ യുവജനദിനമായി ആചരിക്കുന്നു. എല്ലാ രാജ്യങ്ങളോടും വർഷത്തിലൊരു ദിവസം ദേശീയ യുവജനദിനമായി ആചരിക്കണമെന്ന് 1984ൽ ഐക്യരാഷ്ട്രസഭ ആഹ്വാനം ചെയ്തിരുന്നു. ഇതേ തുടർന്നാണ് ജ്വലിക്കുന്ന ചിന്തകളും ശക്തമായ നിശ്ചയദാർഢ്യവും സമന്വയിപ്പിച്ച ജീവിതത്തിനുടമയായ വിവേകാനന്ദൻെറ ജന്മദിനം ദേശീയ യുവജനദിനമായി തെരഞ്ഞെടുത്തത്. ഇന്ത്യയുടെ യുവത്വത്തിന് പുതിയ ദിശാബോധം നൽകി പ്രസംഗങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയും യുവത്വത്തിൻെറ ഉയിർത്തെഴുന്നേൽപ്പിന് പ്രേരണയായി മാറാൻ അദ്ദേഹത്തിന് കഴിഞ്ഞു.ഗാന്ധിജിയും ജവഹർലാൽ നെഹ്റുവും ദേശീയ നേതൃത്വത്തിലേയ്ക്ക് വരുന്നതിനെത്രയോ മുമ്പ്, പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്തിമദശകത്തിൽ നമ്മുടെ നവോത്ഥാന നായകന്മാരിൽ സമുന്നത സ്ഥാനീയനായ സ്വാമി വിവേകാനന്ദൻ പ്രഖ്യാപിക്കുകയുണ്ടായി. 'ഞാനൊരു സോഷ്യലിസ്റ്റാണ്; പുതിയ ഇന്ത്യ ഉയർത്തെഴുന്നേൽക്കുന്നത് കലപ്പയേന്തിയ കൃഷിക്കാരുടെ കുടിലുകളിൽ നിന്നും മുക്കുവന്റെയും തൂപ്പുകാരന്റെയും ചെരുപ്പുകുത്തിയുടെയും ചെറ്റപ്പുരകളിൽ നിന്നും ചന്തകളിൽ നിന്നും കമ്പോളങ്ങളിൽ നിന്നുമായിരിക്കു'മെന്ന് ആദ്യമായി കാണുകയും ഉറക്കെപ്പറയുകയും ചെയ്ത 'കാവിയുടുത്ത വിപ്ലവകാരി'യായിരുന്നു വിവേകാനന്ദൻ.ശ്രീരാമകൃഷ്ണ പരമഹംസരുടെ പ്രധാന ശിഷ്യനും രാമകൃഷ്ണ മഠം, രാമകൃഷ്ണ മിഷൻ എന്നിവയുടെ സ്ഥാപകനുമാണ് അദ്ദേഹംവേദങ്ങളും ഖുറാനും ബൈബിളും സമഞ്ജസമായി സമന്വയിച്ചിരിക്കുന്ന ഒരു ലോകമാണ് സ്വാമി വിവേകാനന്ദൻ വിഭാവനം ചെയ്തത് . കേരളത്തിലെ ജാതിതിരിവുകളിലും തീണ്ടൽ തൊടീൽപോലുള്ള അനാചാരങ്ങളിലും അന്ധവിശ്വാസങ്ങളിലും അസ്വസ്ഥനായ വിവേകാനന്ദൻ 'കേരളം ഒരു ഭ്രാന്താലയമാണ്' എന്ന് കേരളം സന്ദർശിച്ച വേളയിൽ പ്രസ്താവിച്ചു. തൊട്ടുകൂടായ്മ, സതി, ശൈശവ വിവാഹം, സ്ത്രീകൾക്കും അവർണർക്കും വേദോപനിഷദ് പഠനം ഉൾപ്പെടെയുള്ള വിദ്യാഭ്യാസം നിഷേധിക്കൽ എന്നിങ്ങനെ നിലനിന്നിരുന്ന മത അനാചാര വ്യവസ്ഥകളെയൊക്കെ അദ്ദേഹം നിശിത ഭാഷയിൽ ആണ് വിമർശിച്ചത്. ഇത്തരം ദുരാചാരങ്ങളെ വിമർശിക്കവെ തന്നെ അദ്ദേഹം സമത്വം, സേവനം, സഹിഷ്ണുത എന്നിവയിലൂന്നിയ നിലപാടുകളെയും പ്രവർത്തനങ്ങളെയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. തൻറെ മതം ശരിയാണെന്നു താൻ എത്രമാത്രം വിശ്വസിക്കുന്നുവോ അത്രയും ശക്തിയിൽ തന്നെ സകല മതങ്ങളും സത്യമെന്നു കാണാനും എല്ലാ മതങ്ങളെയും ആദരവോടു കൂടി അറിയാൻ ശ്രമിക്കുവാനും അദ്ദേഹം പ്രസംഗങ്ങളിലൂടെ മാനവരാശിയോട് അധ്വാനം ചെയ്തു. പടിഞ്ഞാറിനു കിഴക്കിൽ നിന്നു പഠിക്കാനുണ്ടെന്നതുപോലെ തന്നെ കിഴക്കിനു പടിഞ്ഞാറിൽ നിന്നും ധാരാളം പഠിക്കാനുണ്ടെന്നു അദ്ദഹം യൂറോപ്യരെയും ഭാരതീയരെയും ബോധ്യപ്പെടുത്തി.ദേശീയതയും രാജ്യസ്നേഹവും വലിയ ചർച്ചയാകുന്ന ഈ കാലത്ത് ഏറെ പ്രസക്തിയുള്ളതാണ് വിവേകാന്ദൻെറ ജീവിതപാഠങ്ങൾ. തൊഴിലില്ലായ്മ, സങ്കുചിതവാദം, ഹിംസ, മതാന്ധത അതിന്റെ ഘോര സൃഷ്ടിയായ മതഭ്രാന്ത് എന്നിവയെ ശക്തമായി എതിർത്ത സ്വാമിയുടെ ജീവിതം യുവത്വത്തിന് അനുകരണീയമാണ്. വിധവയുടെ കണ്ണുനീർ തുടയ്ക്കാനും അനാഥന് ആഹാരം കൊടുക്കാനും കഴിയാത്ത മതത്തിലും ഈശ്വരനിലും എനിക്ക് വിശ്വാസമില്ല എന്ന് പ്രഖ്യാപിച്ച ആളാണ് അദ്ദേഹം. പുതിയ രൂപത്തിലും ഭാവത്തിലും തിന്മയുടെ വക്താക്കൾ സമൂഹത്തിൽ വന്നുകൊണ്ടിരിക്കുമ്പോൾ അവയെല്ലാം തിരിച്ചറിയാനുള്ള ജാഗ്രത യുവത്വത്തിനാവശ്യമാണ്. ലോകത്തിൽ ഏറ്റവും കൂടുതൽ യുവജനത വസിക്കുന്ന രാജ്യം നമ്മുടെ ഇന്ത്യയാണ്. വളർന്നുവരുന്ന ഈ യുവജനതയുടെ സമൂഹത്തിലെ ഇടപെടലുകൾക്കനുസരിച്ചായിരിക്കും ഭാവി ഇന്ത്യയുടെ വളർച്ചയും തളർച്ചയും. നാമൊന്ന് എന്ന കാഴ്ചപ്പാട് ഉയർത്താൻ കഴിയണം. ഈ വർഷത്തെ ദേശീയ യുവജന ദിനാഘോഷം വെറും ആഘോഷങ്ങൾക്കപ്പുറത്ത് സാമൂഹിക പ്രതിബദ്ധത വളർത്താനും ശരിയായ ദിശയിൽ യുവത്വത്തെ ഏകോപിപ്പിക്കാനുമാകണം. നിശ്ചയദാർഢ്യവും കർമകുശലതയുമുള്ള ഒരു യുവതയെ രാഷ്ട്ര പുനർനിർമാണത്തിൽ പങ്കാളികളാക്കുക എന്നതാകട്ടെ യുവജനദിനാഘോഷത്തിൻെറ ഉദ്ദേശ്യ ലക്ഷ്യം




# സ്വാമി വിവേകാനന്ദന്റെ ജന്മദിനത്തിൽ ദേശീയ യുവജന ദിനം ആഘോഷിക്കുന്നത് എന്തുകൊണ്ട്?

തത്ത്വചിന്തകനായ സ്വാമി വിവേകാനന്ദന്റെ പല മഹത് വചനങ്ങളും ഭയമില്ലാതെ ഏത് പ്രതിസന്ധിയെയും തരണം ചെയ്യാൻ ആഗ്രഹിക്കുന്ന ഓരോ വ്യക്തിയുടെയും കാതുകളിൽ അലയടിക്കാറുണ്ട്. സ്വാമി വിവേകാനന്ദന്റെ ജീവിതവും വചനങ്ങളും ലോകമെമ്പാടുമുള്ള ലക്ഷക്കണക്കിന് ആളുകൾക്ക് പ്രചോദനം നൽകിയിട്ടുണ്ട്.1985ലാണ് ഇന്ത്യൻ സർക്കാർ സ്വാമി വിവേകാനന്ദന്റെ ജന്മദിനമായ ജനുവരി 12 ദേശീയ യുവജന ദിനമായി പ്രഖ്യാപിച്ചത്. 1985 മുതൽ ഈ ദിനം ഇന്ത്യയൊട്ടാകെ ദേശീയ യുവജന ദിനമായി ആഘോഷിക്കുന്നു. സ്വാമി വിവേകാനന്ദന്റെ 159–ാം ജന്മവാർഷികത്തിൽ ഈ വർഷത്തെ ദേശീയ യുവജന ദിനം ആചരിക്കുമ്പോൾ, നമ്മുടെ ജീവിതത്തെ നന്മയിലേക്ക് നയിച്ച അദ്ദേഹത്തെയും അദ്ദേഹത്തിന്റെ മഹത്വചനങ്ങളും ഓർക്കാം.പശ്ചിമ ബംഗാളിലെ കൊൽക്കത്തയിൽ 1863 ജനുവരി 12നാണ് നരേന്ദ്രനാഥ് ദത്തയായി സ്വാമി വിവേകാനന്ദൻ ജനിച്ചത്. അദ്ദേഹം കുട്ടിക്കാലം മുതൽ ആത്മീയതയിലേക്ക് ചായ്‌വുള്ള വ്യക്തിയായിരുന്നു. വളരെ ചെറുപ്പം മുതലേ ധ്യാനം പരിശീലിച്ച വിവേകാനന്ദൻ ബ്രഹ്മസമാജ പ്രസ്ഥാനത്തിൽ ചേർന്നു. ദേശസ്നേഹികളിൽ ഒരാളായ അദ്ദേഹമാണ് ഇന്ത്യൻ തത്ത്വചിന്തകളും വേദാന്തവും യോഗയും പാശ്ചാത്യ ലോകത്തിന് പരിചയപ്പെടുത്തിയത്.തന്റെ പിതാവായ ശ്രീരാമകൃഷ്ണന്റെ വിയോഗത്തിൽ അദ്ദേഹം മാനസികമായി തകർന്നെങ്കിലും, ഇന്ത്യയുടെ എല്ലാ ഭാഗങ്ങളും കാണുന്നതിനായി അദ്ദേഹം ഒരു നീണ്ട യാത്ര നടത്താൻ തീരുമാനിച്ചു. ഒരു യഥാർത്ഥ കർമ്മയോഗിയായ അദ്ദേഹത്തിന് ഈ രാജ്യത്തെ യുവാക്കളിൽ പൂർണ വിശ്വാസമുണ്ടായിരുന്നു. യുവാക്കൾക്ക് അവരുടെ കഠിനാധ്വാനത്തിലൂടെയും അർപ്പണബോധത്തിലൂടെയും ആത്മീയ ശക്തിയിലൂടെയും ഇന്ത്യയുടെ ?ഗതി തന്നെ മാറ്റാൻ കഴിയുമെന്ന് അദ്ദേഹത്തിന് വിശ്വാസമുണ്ടായിരുന്നു.'എനിക്ക് വേണ്ടത് ഇരുമ്പിന്റെ പേശികളും ഉരുക്കിന്റെ ഞരമ്പുകളുമാണ്, അതിനുള്ളിൽ അതേവസ്തുക്കൾ കൊണ്ടുള്ള മനസ്സും ഉണ്ടാകണം' എന്നായിരുന്നു അദ്ദേഹം യുവാക്കൾക്ക് നൽകിയ സന്ദേശം. ഇത്തരം സന്ദേശങ്ങളിലൂടെ യുവാക്കളിൽ അടിസ്ഥാന മൂല്യങ്ങളെക്കുറിച്ചുള്ള അറിവ് പകരാൻ അദ്ദേഹം ശ്രമിച്ചിരുന്നു.ആത്മവിശ്വാസം പുലർത്താൻ അദ്ദേഹം യുവാക്കളെ എപ്പോഴും പ്രചോദിപ്പിച്ചിരുന്നു. അതിനു പ്രധാന കാരണം ആളുകൾക്ക് തങ്ങളിൽ തന്നെയുള്ള വിശ്വാസം അഥവാ ആത്മവിശ്വാസം ഇല്ലെങ്കിൽ ജീവിതം നൽകുന്ന വെല്ലുവിളികളെ അവർ എപ്പോഴും ഭയപ്പെടുമെന്നും അദ്ദേഹം വിശ്വസിച്ചിരുന്നു ആത്മീയമായോ ശാരീരികമായോ മാനസികമായോ നമ്മെ തളർത്തുന്ന എന്തും വിഷം പോലെ തള്ളിക്കളയണമെന്നും സ്വാമി വിവേകാനന്ദൻ വ്യക്തമാക്കിയിരുന്നു. യോഗയുടെയും ധ്യാനത്തിന്റെയും സഹായത്തോടെ ദുർബലമായ ചിന്തകളെ ശുഭാപ്തിവിശ്വാസമാക്കി മാറ്റണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തിരുന്നു.സ്വാമി വിവേകാനന്ദൻ വേദാന്ത തത്ത്വശാസ്ത്രത്തിന്റെ ആധുനികകാലത്തെ ഏറ്റവും ശക്തനായ വക്താവും ഇന്ത്യയിലെമ്പാടും സ്വാധീനമറിയിച്ച ആത്മീയ ഗുരുവുമായിരുന്നു. 1893ൽ ചിക്കാഗോയിലെ പാർലമെന്റ് ഓഫ് റിലീജിയൻസിൽ നടത്തിയ പ്രസംഗത്തിനുശേഷം അദ്ദേഹം അന്താരാഷ്ട്ര ശ്രദ്ധ പിടിച്ചുപറ്റി. വേദാന്ത തത്ത്വചിന്തയ്ക്ക് പേരുകേട്ട അദ്ദേഹം ഇന്ത്യയുടെ ആത്മീയ അംബാസഡറായി മാറി.




# 48.65 രൂപയ്ക്ക് എൻഡിടിവി ഓപ്പൺ ഓഫർ പ്രശ്നം അവസാനിപ്പിച്ച് അദാനി




എൻഡിടിവിയുടെ ഓപ്പൺ ഓഫറിലൂടെ വാങ്ങിയ ഓഹരികളുടെ തുക ഉയർത്തി അദാനി ഗ്രൂപ്പ് . ഓപ്പൺ ഓഫറിൽ ഓഹരികൾ വിറ്റവർക്ക് ഓഹരി ഒന്നിന് 48.65 രൂപ അധികമായി നൽകാനാണ് തീരുമാനം.നവംബർ 22 മുതൽ ഡിസംബർ 5 വരെ നടന്ന ഓപ്പൺ ഓഫറിൽ 294 രൂപയ്ക്കാണ് എൻഡിടിവിയുടെ 8.26 ശതമാനം ഓഹരികൾ അദാനി വാങ്ങിയത്.തുക ഉയർത്തിയതോടെ ഒരോഹരിക്ക് 342.65 രൂപയാവും ഓഹരി വിറ്റവർക്ക് ലഭിക്കുക. 342.65 രൂപയ്ക്കാണ് കഴിഞ്ഞ ആഴ്ച എൻഡിടിവി സ്ഥാപകരായ പ്രണോയി റോയി, രാധിക റോയി എന്നിവരുടെ കൈയ്യിൽ നിന്ന് അദാനി 27.26 ശതമാനം ഓഹരികൾ ഏറ്റെടുത്തത്. ഓപ്പൺ ഓഫർ അവസാനിച്ചതിന് ശേഷമുള്ള 26 ആഴ്ചകൾക്കുള്ളിൽ നടക്കുന്ന ഓഹരി വാങ്ങലുകൾക്കും സമാന തുക നൽകണമെന്ന നിയമം ലംഘിച്ചുകൊണ്ടായിരുന്നു ഇടപാട്. ഇതിനെ തുടർന്ന് ഉണ്ടാകാനിടയുള്ള നിയമക്കുരുക്കുകൾ ഒഴിവാക്കാനാണ് ഓപ്പൺ ഓഫർ തുക ഉയർത്തിയത്.സാധാരണക്കാരായ ഓഹരി ഉടമകളോട് അദാനി ഗ്രൂപ്പ് കാട്ടിയത് അനീതിയാണെന്ന ആരോപണങ്ങൾ ഉയരുകയും ചെയ്തിരുന്നു. തുക ഉയർത്തിയതോടെ ഓപ്പൺ ഓഫറിലൂടെ ലഭിച്ച 5.32 മില്യൺ ഓഹരികൾക്കായി 26 കോടി രൂപയാണ് അദാനി ഗ്രൂപ്പ് അധികമായി നൽകേണ്ടി വരുക. എൻഡിടിവിയുടെ 64.71 ശതമാനം ഓഹരികളാണ് അദാനി ഗ്രൂപ്പിന്റെ കൈവശമുള്ളത്. നിലവിൽ 343.10 രൂപയിലാണ് എൻഡിടിവി ഓഹരികളുടെ വ്യാപാരം.

# 2 ട്രില്യൺ ക്ലബ്ബിൽ നിന്ന് ആപ്പിളും പുറത്തായി

ഓഹരി വില തുടർച്ചയായി ഇടിയുന്ന ടെക്ക് കമ്പനികളിൽ പ്രമുഖരാണ് ഐഫോൺ നിർമാതാക്കളായ ആപ്പിൾ. ഒരുവർഷം കൊണ്ട് ആപ്പിളിന്റെ ഓഹരികൾ 30 ശതമാനത്തോളം ആണ് ഇടിഞ്ഞത്.കഴിഞ്ഞ വർഷം ഇതേ സമയം 170 ഡോളറിന് മുകളിലായിരുന്ന ഓഹരികൾ നിലവിൽ 125.07 ഡോളറിലാണ് വ്യാപാരം.ഡിസംബറിൽ ഓഹരികൾ 15 ശതമാനം ഇടിഞ്ഞതോടെ 2 ട്രില്യൺ വിപണി മൂല്യമുള്ള ഏക കമ്പനി എന്ന സ്ഥാനവും ആപ്പിളിന് നഷ്ടമായി. ഉൽപ്പാദനത്തിലെ പ്രശ്നങ്ങളും പലിശ നിരക്ക് ഉയരുന്നതുമാണ് ആപ്പിൾ ഓഹരികൾക്ക് തിരിച്ചടിയായത്. 1.99 ട്രില്യൺ ഡോളറാണ് ആപ്പിളിന്റെ ഇപ്പോഴത്തെ വിപണി മൂല്യം. ടെക്ക് കമ്ബനി മൈക്രോസോഫ്റ്റും എണ്ണക്കമ്ബനി സൗദി അരാംകോയും കഴിഞ്ഞ വർഷം തന്നെ 2 ട്രില്യൺ ക്ലബ്ബിൽ നിന്ന് പുറത്തായിരുന്നു.ഒരു വർഷത്തിനിടെ 27.18 ശതമാനം ഓഹരി ഇടിവ് നേരിട്ട മൈക്രോസോഫ്റ്റിന്റെ വിപണി മൂല്യം 1.79 ട്രില്യൺ ഡോളറാണ്. ആഗോള തലത്തിൽ ടെക്ക് കമ്ബനികളുടെ ഓഹരികൾ തിരിച്ചടി നേരിട്ട വർഷമായിരുന്നു 2022. ഗൂഗിൾ (38.28 %), ഫേസ്ബുക്ക് (62.93 %), ടിസിഎസ് (15.13), ഇൻഫോസിസ് (20.70 %) ഉൾപ്പെടുള്ളവയുടെ ഓഹരികൾ ഒരു വർഷം കൊണ്ട് കുത്തനെ ഇടിയുകയാണ് ചെയ്തത്.

# 27 ശതമാനം വളർച്ച നേടി ഓഡി ഇന്ത്യ

ജർമ്മൻ ആഡംബര വാഹന നിർമ്മാതാക്കളായ ഓഡി മുൻ വർഷത്തെ അപേക്ഷിച്ച് 27 ശതമാനം വാർഷിക വളർച്ച നേടിയതായി പ്രഖ്യാപിച്ചു. 4187 യൂണിറ്റുകളാണ് പോയ വർഷം ഓഡി ഇന്ത്യ വിറ്റഴിച്ചത്. ഓഡി ക്യു 7, ഓഡി എ 8 ലാന്റ് , ഓഡി ക്യു 3 എന്നീ മൂന്ന് ജനപ്രിയ ബ്രാൻഡുകൾക്ക് തുടക്കമിടാനായത് വളർച്ചയെ ത്വരിതപ്പെടുത്തി. ഓഡി എ 4, ഓഡി എ6, ഓഡി ക്യു5, ഓഡി ക്യൂ8 , ഓഡി ഇ-ട്രോൺ , ഓഡി ഇ-ട്രോൺ സ്പോർട്ബാക്ക് എന്നിവയാണ് മികച്ച വിൽപ്പനയ്ക്ക് കാരണമായ ബ്രാൻഡുകൾ. ആർഎസ്, എസ് കാറുകൾക്ക് ശക്തമായ ആവശ്യമാണ് ഇപ്പോഴും വിപണിയിൽ തുടരുന്നത്. 2023ലേയ്ക്കായി വളരെ മികച്ച നിലയിൽ ഓർഡറുകൾ ഇതിനോടകം ലഭിച്ചു കഴിഞ്ഞു.സെമികണ്ടക്ടറുകളുടെ ലഭ്യതക്കുറവും, ചരക്ക് ഗതാഗത പ്രശ്നങ്ങളും പോലുള്ളവ ആഗോള പ്രതിസന്ധി സൃഷ്ടിച്ചത് വളർച്ചയ്കക്ക് മാർഗ തടസം സൃഷ്ടിച്ചെങ്കിലും പോയ വർഷത്തെ പ്രകടനത്തിൽ സന്തുഷ്ടരാണെന്ന് ഓഡി ഇന്ത്യ തലവൻ ബൽബീർ സിങ് ദില്ലൺ വ്യക്തമാക്കി. ആകെ 27 ശതമാനം വളർച്ച പ്രകടമാക്കാനായപ്പോൾ എല്ലാ വിഭാഗങ്ങളിലും വളർച്ച നേടാനായിട്ടുണ്ട്. ഇ- ട്രോൺ നിരയിലെ വാഹനങ്ങൾക്ക് കരുത്ത് പകർന്ന് വർഷമായിരുന്നു 2022. പ്രതീക്ഷകളെ കവച്ച് വെയ്ക്കുന്ന വിൽപ്പനയാണ് ഓഡിയുടെ അഞ്ച് ഇലക്ട്രിക് കാറുകൾക്ക് ഇന്ത്യയിൽ നേടാനായത്. ഇന്ത്യയിലെ ജനപ്രിയ ആഡംബര ക്യു- ഓഡി ക്യൂ 3 2022ൽ ശക്തമായി തിരിച്ചു വന്നു. ഈ വിജയം 2023 ലും വരും വർഷങ്ങളിലും തുടരുമെന്ന ആത്മവശ്വാസമാണുള്ളത്. ഓഡി എ 6, ഓഡി ക്യു5, ഓഡി ക്യു7, ഓഡി ക്യു8, ഓഡി എ 8 എൽ, ആർഎസ് മോഡലുകൾ, എന്നിവയ്ക്ക് 2023ലേയ്ക്കായി ഇതിനോടകം തന്നെ മികച്ച നിലയിൽ ഓർഡറുകൾ ലഭിച്ച് കഴിഞ്ഞിട്ടുണ്ട്. 2022ൽ ഉപയോഗിച്ച കാറുകളുടെ വിൽപ്പനയ്ക്കായുള്ള റീട്ടെയിൽ സൗകര്യം 22 ആയി ഉയർത്തുകയും ചെയ്തുവെന്നും അദ്ദേഹം പറഞ്ഞു.2022ൽ ഓഡി ഇന്ത്യ സ്വന്തമായി ' ഓഡി ക്ലബ് റിവാർഡ്സ് ' എന്ന പദ്ധതി ആരംഭിച്ചിരുന്നു. ഉപഭോക്താക്കൾക്ക് മികച്ച അനുഭവവും സൗകര്യങ്ങളും, ആദ്യ പരിഗണനയും അവകാശങ്ങളും അനുവദിക്കുന്നതായിരുന്നു പദ്ധതി. നിലവിലുള്ള എല്ലാ ഓഡി ഉപഭോക്താക്കൾക്കും ( ഓഡി അപ്രൂവ്ഡ് പ്ലസ് ഉടമകളടക്കം) ഭാവി ഉപഭോക്താക്കൾക്കും ഓഡി ക്ലബ് റിവാർഡ്സിന്റെ ഭാഗമാകാം. ബ്രാൻഡുമായും പാർട്നർ ബ്രാൻഡുമായും നടത്തുന്ന ഓരോ ഇടപാടിനും റിവാർഡ് ലഭിക്കും. ചെലവഴിക്കുന്നതിന് അനുസരിച്ച് ഉപഭോക്താക്കൾക്ക് പോയിന്റുകൾ ലഭിക്കുകയും ഇത് ഭാവിയിൽ സർവീസിനും , വാങ്ങലുകൾക്കുമായി ലളിതമായി തന്നെ ഒറ്റ ക്ലിക്കിലൂടെ റെഡീം ചെയ്ത് ഉപയോഗിക്കുകയും ചെയ്യാം. 2023-ൽ ഓഡി ഇന്ത്യ മറ്റൊരു നാഴികക്കല്ല് കൂടി പിന്നിടുമെന്നും ദില്ലൺ വ്യക്തമാക്കി. ''നിലവിലെ ഉത്പന്ന നിരയും ഇലക്ട്രിക് കാറുകളും ആഡംബര വാഹനങ്ങളുടെ പുനർ നിർവചിക്കുന്നതും തുടരും. പൂർണ തോതിൽ ഞങ്ങളുടെ മോഡലുകൾ രാജ്യത്തേക്ക് തിരിച്ച് എത്തും വരും മാസങ്ങളിൽ ശക്തമായ പ്രകടന കാഴ്ച്ചവെയ്ക്കാനാകുമെന്നും.'' അദ്ദേഹം പറഞ്ഞു.ഓഡി ഇന്ത്യ സുസ്ഥിരതയും ലാഭകരവുമായ ബ്രാൻഡായി ഉയർന്ന് വരികയെന്ന ലക്ഷ്യത്തിലേക്ക് ചുവട് മാറിക്കഴിഞ്ഞു. ഉപഭോക്താക്കളെ ഹൃദയത്തോട് ചേർത്താണ് ഓരോ പരിപാടിയും ആസൂത്രണം ചെയ്യുന്നത്. ഓഡി ദീർഘകാലാടിസ്ഥാനത്തിലുള്ള നയപരിപാടികൾക്ക് ശ്രദ്ധ നൽകുന്നത് തുടരും.ഓഡി എ4, ഓഡി എ 6, ഓഡി എ 8 എൽ, ഓഡി ക്യൂ 3, ഓഡി ക്യൂ 5, ഓഡി ക്യൂ 7, ഓഡി ക്യൂ 8, ഓഡി എസ് 5 സ്പോർട് ബാക്ക് , ഓഡി ആർഎസ് 5 സ്പോർട് ബാക്ക്, ഓഡി ആർഎസ് ക്യൂ 8, ഓഡി ഇ- ട്രോൺ 50, ഓഡി ഇ- ട്രോൺ 55, ഓഡി ഇ- ട്രോൺ സ്പോർട് ബാക്ക് 55, സ്പോർട് ബാക്ക് ജിടി , ഓഡി ആർഎസ് ഇ- ട്രോൺ ജിടി എന്നിവയാണ് ഓഡി ഇന്ത്യയുടെ നിലവിലെ ഉത്പന്ന നിര.

# ഓയോയുടെ ഐപിഒ രേഖകൾ അപൂർണ്ണം; വീണ്ടും സമർപ്പിക്കാൻ ആവശ്യപ്പെട്ട് സെബി




ഹോസ്പിറ്റാലിറ്റി ശൃംഖലയായ ഒയോ ഹോട്ടലുകളുടെ മാതൃസ്ഥാപനമായ ഒറാവൽ സ്റ്റേയുടെ പ്രാരംഭ ഓഹരി വിൽപ്പനയ്ക്കായുള്ള ഡ്രാഫ്റ്റ് റെഡ് ഹെറിംഗ് പ്രോസ്പെക്റ്റസ് വീണ്ടും ഫയൽ ചെയ്യണമെന്ന് നിർദ്ദേശിച്ച് സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ.ഇതിന്റെ ഭാഗമായി 2022 ഡിസംബർ 30-ന് ഓഫർ ഡോക്യുമെന്റ് സെബി തിരികെ നൽകി. ഡിആർഎച്ച്പിയിൽ മാറ്റങ്ങൾ വരുത്തി വീണ്ടും ഫയൽ ചെയ്താൽ ഐപിഒയ്ക്ക് കാലതാമസം ഉണ്ടായേക്കാമെന്ന് ബിസിനസ് സ്റ്റാൻഡേർഡ് റിപ്പോർട്ട് ചെയ്തു.2023 ഏപ്രിൽ-ജൂലൈയ്ക്കിടയിൽ ഐപിഒ ആരംഭിക്കാനായിരുന്നു കമ്ബനി പദ്ധതിയിട്ടിരുന്നത്. എന്നാൽ ഐപിഒ രേഖകൾ സെബി തിരിച്ചയച്ചതിനാൽ ഈ വർഷം ദീപാവലിയോടെയാകും ഐപിഒ വിപണിയിലെത്തുന്നതെന്ന് റിപ്പോർട്ട് പറയുന്നു. 2021 സെപ്റ്റംബറിലെ പ്രാരംഭ ഫയലിംഗ് പ്രകാരം 7,000 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ പുതിയ ഇഷ്യൂവും 1,430 കോടി രൂപ വരെ ഓഫർ ഫോർ സെയിലും ഉൾപ്പെടുന്ന 8,430 കോടി രൂപ സമാഹരിക്കാനാണ് ഓയോ ഹോട്ടൽസ് പദ്ധതിയിടുന്നത്.പുതുക്കിയ പ്രധാന പ്രകടന സൂചകങ്ങൾ, അപകടസാധ്യത ഘടകങ്ങൾ, ഓഫർ വിലനിർണ്ണയത്തിനുള്ള പാരാമീറ്ററുകൾ തുടങ്ങ‌ഇ നിരവധി കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഐപിഒ രേഖകൾ വീണ്ടും സമർപ്പിക്കാനാണ് സെബി ആവശ്യപ്പെട്ടിരിക്കുന്നത്. ഇത്തരം തെറ്റുകൾ ആവർത്തിക്കുന്ന മർച്ചന്റ് ബാങ്കർമാർക്ക് ഫയലിംഗുകൾ മടക്കി അയയ്ക്കുമെന്ന് ഡിസംബറിൽ നടന്ന ബോർഡ് മീറ്റിംഗിൽ സെബി ചെയർപേഴ്സൺ മാധബി പുരി ബുച്ച്



# വീരസിംഹ റെഡ്ഡിയുടെ പ്രീ റിലീസ് ചടങ്ങിൽ തെലുങ്കിൽ പ്രസംഗിച്ച് ഹണി റോസ്; കയ്യടിച്ച് ആരാധകർ

തെലുങ്ക് ചിത്രം വീരസിംഹ റെഡ്ഡിയുടെ പ്രീ റിലീസ് ചടങ്ങിൽ തിളങ്ങി നടി ഹണി റോസ്. പരിപാടിക്കിടെ തെലുങ്കിൽ പ്രസംഗിക്കുന്ന ഹണി റോസിന്റെ വിഡിയോ സോഷ്യൽ മീഡിയയിൽ വൈറലാണ്. നിരവധി ആരാധകരാണ് ഹണി റോസിന് കയ്യടിച്ച് രംഗത്തെത്തിയത്. തെലുങ്ക് നടിമാർ പോലും ഇങ്ങനെ സംസാരിക്കില്ലെന്നും നിങ്ങൾ അഭിനന്ദനം അർഹിക്കുന്നുണ്ടെന്നുമാണ് ഒരു ആരാധകൻ കുറിച്ചത്.നന്ദമുറി ബാലകൃഷ്ണ നായകനായി എത്തുന്ന 'വീരസിംഹ റെഡ്ഡി'യുടെ ട്രെയിലർ കഴിഞ്ഞ ദിവസം പുറത്തുവന്നിരുന്നു. നന്ദമുറി ബാലകൃഷ്ണ തന്നെയാണ് ട്രെയിലറിൽ നിറഞ്ഞുനിൽക്കുന്നത്. ശ്രുതി ഹാസനാണ് ചിത്രത്തിലെ നായിക. ഹണി റോസിന് പുറമേ മലയാളത്തിൽ നിന്ന് നടൻ ലാലും ചിത്രത്തിൽ കേന്ദ്രകഥാപാത്രമാകുന്നുണ്ട്. വരലക്ഷ്മി ശരത്കുമാറാണ് മറ്റൊരു പ്രധാന കഥാപാത്രത്തെ അവതരിപ്പിക്കുന്നത്. ഗോപിചന്ദ് മലിനേനിയാണ് ചിത്രത്തിന്റെ രചനയും സംവിധാനവും നിർവഹിക്കുന്നത്.കുർണൂൽ ആണ് സിനിമയുടെ പ്രധാന ലൊക്കേഷൻ. ബിഗ് ബജറ്റിലാണ് ചിത്രം ഒരുങ്ങുന്നത്. മൈത്രി മൂവി മേക്കേഴ്സിന്റെ ബാനറിൽ നവീൻ യെർണേനി, രവിശങ്കർ യലമൻചിലി എന്നിവരാണ് ചിത്രം നിർമിക്കുന്നത്. റിഷി പഞ്ചാബിയാണ് ചിത്രത്തിന്റെ ഛായാഗ്രാഹകൻ. സംഭാഷണങ്ങൾ ഒരുക്കിയിരിക്കുന്നത് സായ് മാധവ് ബുറയാണ്. നവീൻ നൂലി ആണ് എഡിറ്റർ. രവി തേജ നായകനായ ഡോൺ സീനു എന്ന ചിത്രത്തിലൂടെ സംവിധാന രംഗത്ത് എത്തിയ ആളാണ് ഗോപിചന്ദ് മലിനേനി. വീരസിംഹ റെഡ്ഡി ജനുവരി 12ന് തീയറ്ററുകളിൽ എത്തും.








# തീയറ്ററിൽ കാണേണ്ട ചിത്രം; അമിത് തിളങ്ങി; 'തേര്' മികച്ച ത്രില്ലറെന്ന് പ്രേക്ഷകർ

അമിത് ചക്കാലക്കൽ നായകനായി എത്തിയ തേരിന് മികച്ച പ്രതികരണം. ഒരു ഫാമിലി, ത്രില്ലർ ചിത്രമാണ് തേര് എന്നാണ് പ്രേക്ഷകരുടെ അഭിപ്രായം. ചിത്രത്തിലെ ചില രംഗങ്ങൾ പലർക്കും റിലേറ്റ് ചെയ്യാൻ കഴിയും. കേരത്തിൽ നടന്ന ചില സംഭവങ്ങളാണ് ചിത്രത്തിൽ കടന്നു വരുന്നത്. ഒരു മികച്ച ത്രില്ലർ എന്ന നിലയിൽ തേര് തീയറ്ററിൽ തന്നെ കാണണമെന്നും പ്രേക്ഷകരിൽ ചിലർ അഭിപ്രായപ്പെട്ടു. അമിത് ചക്കാലക്കൽ, കലാഭവൻ ഷാജോൺ, ബാബുരാജ് തുടങ്ങിയവരുടെ അഭിനയം മികച്ചു നിന്നു എന്ന് പ്രേക്ഷകർ അഭിപ്രായപ്പെട്ടു. ചിത്രത്തിലെ ഫൈറ്റ് രംഗങ്ങളെല്ലാം മികച്ചു നിന്നു. മികച്ച മേക്കിംഗിനൊപ്പം എൻഗേജ് ചെയ്യിക്കുന്ന ബിജിഎമ്മാണ് ചിത്രത്തിലേതെന്നും ചിത്രം കണ്ടിറങ്ങിയവരിൽ ചിലർ അഭിപ്രായപ്പെട്ടു.എസ്.ജെ സിനു ആണ് തേരിന്റെ സംവിധായകൻ. ജീവിതയാഥാർഥ്യങ്ങൾക്കു മുന്നിൽ പകച്ചുപോയ ഒരുകൂട്ടം മനുഷ്യരുടെ പകയുടെയും പ്രതികാരത്തിന്റെയും കഥയാണ് ചിത്രം പറയുന്നത്. കുടുംബപശ്ചാത്തലത്തിലുള്ള ചിത്രം നീതി കാത്തു സൂക്ഷിക്കേണ്ടവരുടെ ഭാഗത്തു നിന്ന് ഉണ്ടായ വീഴ്ചയിൽ അതിജീവനം നടത്തുന്ന സാധാരണക്കാരുടെ കഥയിലേക്കാണ് വിരൽചൂണ്ടുന്നത്. സഞ്ജു ശിവറാം, അസീസ് നെടുമങ്ങാട്, പ്രശാന്ത് അലക്സാണ്ടർ, സ്മിനു സിജോ, നിലജാ ബേബി, റിയാ സൈറ, വീണാ നായർ എന്നിവരും പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിച്ചിരിക്കുന്നു.ദിനിൽ പി.കെയുടേതാണ് തിരക്കഥ. ചിത്രത്തിന്റെ ഛായാഗ്രഹണം നിർവഹിച്ചിരിക്കുന്നത് ടിഡി ശ്രീനിവാസനാണ്. സംഗീത സംവിധാനം യാകസണും നേഹയും ചേർന്നാണ് നിർവഹിച്ചിരിക്കുന്നത്. എക്സിക്യൂട്ടിവ് പ്രൊഡ്യൂസർ: തോമസ് പി മാത്യൂ, എഡിറ്റർ: സംജിത് മുഹമ്മദ്, ആർട്ട്: പ്രശാന്ത് മാധവ്, പ്രൊഡക്ഷൻ കൺട്രോളർ: ബിജു കെ തോമസ്, ചീഫ് അസോസിയേറ്റ് ഡയറക്ടർ: അനിരുദ്ധ് സന്തോഷ്, കളറിസ്റ്റ് ലിജു പ്രഭാകർ, മേക്കപ്പ് ആർ ജി വയനാടൻ, വസ്ത്രാലങ്കാരം അരുൺ മനോഹർ, അസ്സോസിയേറ്റ് ഡയറക്ടർ അനിരുദ്ധ് സന്തോഷ്, ഡിസൈൻസ് മനു ഡാവിഞ്ചി, സ്റ്റിൽസ് രാംദാസ് മാത്തൂർ. പി ആർ ഓ : പ്രതീഷ് ശേഖർ.




# വർക്കൗട്ട് ചിത്രങ്ങൾ പങ്കുവച്ച് മോഹൻലാൽ; മലൈക്കോട്ടൈ വാലിബനുവേണ്ടിയോ എന്ന് ആരാധകർ

വർക്കൗട്ട് ചിത്രങ്ങൾ പങ്കുവച്ച് മലയാളത്തിന്റെ പ്രിയ താരം മോഹൻലാൽ. ജിം വസ്ത്രങ്ങളണിഞ്ഞ് വ്യായാമം ചെയ്യുന്ന ചിത്രങ്ങളാണ് താരം പങ്കുവച്ചത്. ചിത്രങ്ങൾ സോഷ്യൽ മീഡിയയിൽ വൈറലായതോടെ ലിജോ ജോസ് പെല്ലിശ്ശേരി ചിത്രം മലൈക്കോട്ടൈ വാലിബനു വേണ്ടിയാണോ എന്നാണ് ആരാധകർ ഉന്നയിച്ച ചോദ്യം. ഒടിയന് ശേഷം ലാലേട്ടന്റെ ഒരു ഹിറ്റ് ചിത്രത്തിനായി കാത്തിരിക്കുന്നുവെന്നാണ് മറ്റൊരാൾ പറഞ്ഞത്.ഷാജി കൈലാസ് സംവിധാനം ചെയ്ത എലോൺ ആണ് മോഹൻലാലിന്റെ റിലീസിനൊരുങ്ങുന്ന പുതിയ ചിത്രം. ചിത്രത്തിന്റെ ട്രെയിലർ കഴിഞ്ഞ ദിവസം പുറത്തുവന്നിരുന്നു. ജനുവരി 26ന് ചിത്രം തീയറ്ററുകളിൽ എത്തും. മോഹൻലാൽ ആരാധകർ കാത്തിരിക്കുന്ന ചിത്രമാണ് ലിജോ ജോസ് പെല്ലിശ്ശേരിയുടെ മലൈക്കോട്ടൈ വാലിബൻ. അടുത്തിടെയായിരുന്നു ചിത്രത്തിന്റെ ടൈറ്റിൽ അനൗൺസ് ചെയ്തത്. ആമേനു ശേഷം പി.എസ് റഫീക്കിന്റെ രചനയിൽ ഒരുങ്ങുന്ന ചിത്രമാണിത്. രാജസ്ഥാനാണ് പ്രധാന ലൊക്കേഷൻ. ബോളിവുഡ് താരം വിദ്യുത്ജംവാൾ ചിത്രത്തിൽ ഒരു സുപ്രധാന കഥാപാത്രത്തെ അവതരിപ്പിക്കുന്നുണ്ട്.

# 450 കോടി, പുത്തൻ റെക്കോഡിട്ട് അവതാർ; ഇന്ത്യയിൽ ഏറ്റവും കളക്ഷൻ നേടുന്ന ഹോളിവുഡ് ചിത്രം

ലോക ബോക്സ് ഓഫിസിൽ പല റെക്കോഡുകളും തകർത്ത് മുന്നേറുകയാണ് ജയിംസ് കാമറൂണിന്റെ 'അവതാർ: ദ വേ ഓഫ് വാട്ടർ'.ഇപ്പോൾ ഇന്ത്യൻ ബോക്സ് ഓഫിസിലും അത്ഭുതമാവുകയാണ് ചിത്രം. ഇന്ത്യയിൽ ഏറ്റവും കളക്ഷൻ നേടുന്ന ഹോളിവുഡി ചിത്രമായി മാറിയിരിക്കുകയാണ് അവതാറിന്റെ രണ്ടാം ഭാഗം. അവഞ്ചേഴ്സ്; എൻഡ് ഗെയ്മിന്റെ കളക്ഷൻ റിപ്പോർട്ട് തകർത്തുകൊണ്ടാണ് മുന്നേറ്റം.ഇതിനോടകം 450 കോടി കടന്നിരിക്കുകയാണ് അവതാറിന്റെ കളക്ഷൻ. എൻഡ് ഗെയ്മിന്റെ കളക്ഷൻ 438 കോടി രൂപ ആണ്. റിലീസ് ചെയ്ത് ഒരു മാസം തികയുന്നതിനു മുൻപാണ് അവവതാർ പുത്തൻ റെക്കോർഡ് കുറിച്ചത്. 24ാം ദിവസം 7.50 കോടിയാണ് ചിത്രം നേടിയത്. അവതാർ ഇന്ത്യയിൽ നിന്ന് നേടുന്ന ലൈഫ് ടൈം ബിസിനസ് 480 കോടി രൂപ ആയിരിക്കുമെന്നാണ് സുമിത് കദേലിന്റെ പ്രവചനം. ആദ്യ ആഴ്ച തന്നെ ചിത്രം ഇന്ത്യയിൽ 160 കോടി കടന്നിരുന്നു.ലോക ബോക്സ് ഓഫിസിലും കാമറൂണിന്റെ ദൃശ്യ വിസ്മയം വൻ മുന്നേറ്റമാണ് നടത്തുന്നത്. 14060 കോടി രൂപ ആണ് അവതാർ 2 ൻറെ ഇതുവരെയുള്ള കളക്ഷൻ. നാല് ആഴ്ചയായി ലോക ബോക്സ് ഓഫിസിൽ നമ്ബർ വൺ ആയി തുടരുകയാണ് അവതാർ. ഇതിനോടകം തന്നെ ഏറ്റവും കളക്ഷൻ നേടുന്ന സിനിമകളുടെ ലിസ്റ്റിൽ ഏഴാം സ്ഥാനത്താണ് ചിത്രം. ഡിസംബർ 16നാണ് ചിത്രം തിയറ്ററിൽ എത്തിയത്.

# സച്ചിന്റെ കാലത്ത് ലാറയെപ്പോലും മറികടന്ന് ലോക ഒന്നാം നമ്പർ

സച്ചിന്റെ കാലത്ത് ലാറയെപ്പോലും മറികടന്ന് ലോക ഒന്നാം നമ്പർക്രിക്കറ്റിന് പണ്ടുകാലത്ത് ജെൻറിൽമൻ ഗെയിം എന്ന പേര് കൂടിയുണ്ടായിരുന്നു. ആ വിളിയുടെ ശരിതെറ്റുകളെക്കുറിച്ച് ചർച്ചകൾ പലതും പുറത്ത് നടക്കുന്നുണ്ടെങ്കിലും ലോകം കണ്ട എക്കാലത്തെയും മാന്യനായ ആ ക്രിക്കറ്ററുടെ പേര് രാഹുൽ ശരത് ദ്രാവിഡെന്നായിരുന്നു നേട്ടങ്ങളിലും പ്രതാപങ്ങളിലും പണക്കൊഴുപ്പിൻറെ ആഘോഷങ്ങളിലും അഭിരമിക്കാത്ത, മതിമറക്കാത്ത ആ ക്രിക്കറ്റ് ഇതിഹാസത്തിന് ഇന്ന് 50 വയസ് തികയുകയാണ്രാഹുൽ ദ്രാവിഡ്, ഇന്ത്യൻ ക്രിക്കറ്റിൻറെ പ്രതിരോധക്കോട്ടയെ ഒന്നര പതിറ്റാണ്ട് കാലം ഒരു വിള്ളൽ പോലും വീഴ്ത്താതെ കാത്ത സൈന്യാധിപൻ... ആ പേരു കേൾക്കുമ്ബോൾ ഒരുപക്ഷേ മൈതാനങ്ങളിലെ പോർവിളികളോ ആഹ്ലാദ പ്രകടനങ്ങളോ അതിവൈകാരിക നിമിഷങ്ങളോ ഒന്നും തന്നെ ഓർമ വരില്ലായിരിക്കാം. ഏത് കടുത്ത സാഹചര്യങ്ങളിലും അചഞ്ചലനായ, മിതഭാഷിയായ ഒരാൾ, അങ്ങനെയൊരു ശരീര ഭാഷയുമായി നീണ്ട 16 വർഷം ക്രിക്കറ്റിനെ ധ്യാനമായി കൊണ്ടുനടന്ന മനുഷ്യൻ.ട്രാക്കിൽ ഓടുന്നതുപോലെ നീണ്ട റണ്ണപ്പെടുത്ത് 150 കിലോമീറ്ററിനും മുകളിൽ പീരങ്കിയുടെ വേഗത്തിലെത്തുന്ന തുകൽപ്പന്തുകളെ, ആ ബൌളറുടെ സകല കോൺഫിഡൻസിനെയും എഫോർട്ടിനെയും തകർത്ത്, ചുമ്മാ തട്ടി ക്രീസിലിടുമ്ബോൾ പലപ്പോഴും ചിന്തിച്ചിട്ടുണ്ട്, ഇയാളിതെന്ത് മനുഷ്യനാണെന്ന്...! കണ്ണ് ചിമ്മുന്നതിന് മുമ്ബ് ബാറ്ററെ ബീറ്റ് ചെയ്തുപോകുന്ന ബോളുകൾ കൊണ്ട് ആരാധകരെ സൃഷ്ടിച്ച അക്തറൊക്കെ ദ്രാവിഡിനെതിരെ പന്തെറിഞ്ഞ് തളർന്നു നിൽക്കുന്നത് കണ്ട് സഹതാപം തോന്നിയിട്ടുണ്ട്... പിഴവുകൾ ഇല്ലാത്ത പ്രധിരോധവുമായി ക്രീസിൽ താജ്മഹല്ലുകൾ തീർത്തിരുന്ന ഇന്ത്യൻ ക്രിക്കറ്റിൻറെ കോപ്പിബുക്ക്. അങ്ങനെ തന്നെ വിശേഷിപ്പിക്കണം രാഹുൽ ദ്രാവിഡിനെ.പക്ഷേ സച്ചിൻ ആടിത്തകർത്ത കാലത്ത് ക്രിക്കറ്റിൻറെ തിരശീലയിൽ എത്തപ്പെട്ട ദ്രാവിഡിന് എന്നും രണ്ടാം സ്ഥാനക്കാരനായിരിക്കാനായിരുന്നു വിധി. ആദ്യ മത്സരം മുതൽ തുടങ്ങുന്നു, ആ മനുഷ്യൻറെ 'രണ്ടാം' സ്ഥാനമെന്ന നിർഭാഗ്യത്തിൻറെ പടവ്. ക്രിക്കറ്റിൻറെ മെക്കയിൽ ആരും കൊതിക്കുന്ന തുടക്കം. രണ്ട് അരങ്ങേറ്റക്കാർ ഇംഗ്ലണ്ട് ബോളിങ് നിരയെ തല്ലിച്ചതക്കുന്നു. അതിലൊരാൾ ലോർഡ്സിൽ മൂന്നക്കമെന്ന മാന്ത്രിക സംഖ്യയിലെത്തുന്നു. മറ്റൊരാൾ 95ൽ വീണുപോകുന്നു. സെഞ്ചുറി നേടിയ ആ അരങ്ങേറ്റക്കാരൻറെ പേര് സൌരവ് ഗാംഗുലി എന്നായിരുന്നു, അഞ്ച് റൺസിന് അരങ്ങേറ്റ സെഞ്ചുറി നഷ്ടമായ താരത്തിൻറെ പേര് രാഹുൽ ശരത് ദ്രാവിഡെന്നും!95 റൺസ് നേടിയെങ്കിലും 131 റൺസ് നേടിയ സൗരവ് ഗാംഗുലിയുടെ പേരിലായിരുന്നു ആ മത്സരം ചരിത്രത്തിൽ രേഖപ്പെടുത്തിയത്. സമാന സംഭവങ്ങളുടെ തുടർക്കഥ തന്നെയായിരുന്നു ദ്രാവിഡിൻറെ ജീവിതം. 1999 ലോകകപ്പിൽ 183 റൺസുമായി ശ്രീലങ്കയെ സൌരവ് ഗാംഗുലി തകർത്തപ്പോൾ 145 റൺസുമായി ദ്രാവിഡ് അന്നും മറുവശത്തുണ്ടായിരുന്നു. പക്ഷേ അന്നും ഗാംഗുലിയുടെ വെടിക്കെട്ടിൽ ദ്രാവിഡിൻറെ ഇന്നിംഗ്സ് മുങ്ങിപ്പോയി. പിന്നീട് സച്ചിൻ ന്യൂസിലൻഡിനെതിരെ 186 റൺസ് അടിച്ചുകൂട്ടുമ്ബോൾ മറുവശത്ത് ഇതേ ദ്രാവിഡുണ്ടായിരുന്നു.153 റൺസോടെ തൻറെ ഏകദിന കരിയർ ബെസ്റ്റ് പ്രകടനം തന്നെ പുറത്തെടുത്തെങ്കിലും സച്ചിൻറെ 186 ആയിരുന്നു ആ മത്സരത്തിലെ ഓർമച്ചിത്രം.2001ലെ വിഖ്യാതമായ കൊൽക്കത്ത ടെസ്റ്റിൽ വി.വി.എസ് ലക്ഷ്മൺ 281 റൺസടിച്ച് ലോകത്തെ അമ്ബരപ്പിച്ചപ്പോൾ കണ്ണുചിമ്മാതെ ഒരു ദിവസം മുഴുവൻ ബാറ്റ് ചെയ്യാൻ അപ്പുറത്ത് കൂട്ടിനുണ്ടായിരുന്നതും ഇതേ ദ്രാവിഡ് തന്നെയായിരുന്നു. ഈഡൻ ഗാർഡൻസിൽ അയാൾ വിയർപ്പൊഴുക്കി നേടിയ ആ 180 റൺസും അന്ന് വിസ്മൃതിയിലാണ്ടു. ലക്ഷ്മണിൻറെ പേരിലാണ് ആ മത്സരം ഇന്നും അറിയപ്പെടുന്നത്. അങ്ങനെയങ്ങനെ ക്രിക്കറ്റിൻറെ ചരി( ഭൂമികയിൽ എല്ലായിടത്തും രണ്ടാമനായിപ്പോകേണ്ടി വന്നിട്ടും ആരോടും ഒരു പരിഭവവും പരാതിയും അദ്ദേഹത്തിനുണ്ടായിരുന്നില്ല. ബാറ്റിങ്ങിനെ അതിമനോഹരമായ ഒരു ചിത്രംവരയെന്ന പോലെ കണ്ടയാളായിരുന്നു അദ്ദേഹം. ടീം ഇന്ത്യയ്ക്ക് എത്രയോ കനപ്പെട്ട സംഭാവനകൾ നൽകുമ്ബോഴും സച്ചിനെന്ന മഹാമേരുവിന് പിന്നിൽ രണ്ടാമനാകാനാകുമ്ബോഴും അയാളിലെ ക്രിക്കറ്റർ ഒരിക്കൽപ്പോലും അസൂയപ്പെട്ടിരുന്നില്ലെന്ന് തറപ്പിച്ച് പറയാൻ സാധിക്കും.ക്രീസിലിറങ്ങി തൻറെ ഇന്നിങ്സ് കളിച്ചുപോരുക എന്ന രീതിയായിരുന്നില്ല രാഹുൽ ദ്രാവിഡിൻറേത്. തൻറെയൊപ്പം ബാറ്റ് ചെയ്യുന്നയാൾക്ക് എങ്ങനെയാണ് പിന്തുണ കൊടുക്കേണ്ടതെന്ന് ഒരു പരിശീലകനും അയാളെ പഠിപ്പിക്കേണ്ടി വന്നിരുന്നില്ല. ക്രീസിലെ ആങ്കർ റോൾ ദ്രാവിഡിനോളം മികച്ച രീതിയിൽ കൈകാര്യം ചെയ്തിരുന്ന മറ്റ് ക്രിക്കറ്റർമാർ ചരിത്രത്തിൽ തന്നെ വിരളമാണ്. 2006ലെ ലാഹോർ ടെസ്റ്റിൽ പാകിസ്താനെതിരെ സെവാഗിനൊപ്പം 410 റൺസിന്റെ ഓപ്പണിങ് പാർട്ണർഷിപ്പിൽ ഒരറ്റത്തെ കോട്ട കാത്തത് ദ്രാവിഡ് ആയിരുന്നു. സെവാഗ് ടെസ്റ്റ് കരിയറിലെ രണ്ട് ട്രിപ്പിൾ സെഞ്ചുറികൾ നേടുമ്ബോഴും മറുഭാഗത്ത് പാറപോലെ ഉറച്ചുനിന്നതും ദ്രാവിഡ് ആയിരുന്നു.വിക്കറ്റ് കീപ്പിങ് മുതൽ നായകൻ വരെ, ഒടുവിൽ പരിശീലകസ്ഥാനത്തേക്കും രാഹുൽ ദ്രാവിഡിനെപ്പോലെ ഏത് സാഹചര്യത്തിലും ടീമിനായി എന്തും ചെയ്യാൻ തയ്യാറാകുന്ന ഒരു താരത്തെ കണ്ടെത്തുക എന്നത് ശ്രമകരമമാണ്. ബാറ്റിങ് ഓർഡറിൽ ടീം ആവശ്യപ്പെടുന്നതിനനുസരിച്ച് എവിടെ ഇറങ്ങാനും അയാൾ തയ്യാറായിരുന്നു. ഓപ്പണിങ് സ്ലോട്ട് മുതൽ എട്ടാം നമ്ബറുകാരനായി വരെ ദ്രാവിഡ് ബാറ്റ് ചെയ്തിട്ടുണ്ട്. ഒരു ലോകകപ്പ് പോലെ വലിയൊരു ടൂർണമെൻറിൽ ഒരു എക്സ്ട്രാ ബാറ്ററെ ഉൾപ്പെടുത്താൻ സൗരവ് ഗാംഗുലിയെന്ന ക്യാപ്റ്റൻ തീരുമാനിച്ചപ്പോൾ ടീമിനു വേണ്ടി വിക്കറ്റ് കീപ്പറാകാനും അയാൾ തയ്യാറായി. സ്ലിപ്പിലെ ഇന്ത്യൻ ഫീൽഡിങിലെ പ്രാപ്പിടിയിൻ തന്നെയായിരുന്നു ആ കർണാടകക്കാരൻ.ബാറ്റിങ്ങിനെ ഒരു ധ്യാനം പോലെ കണ്ടിരുന്നയാൾ, മെല്ലെപ്പോക്കാണെന്നും നിശ്ചിത ഓവർ ക്രിക്കറ്റിന് പറ്റിയ താരമല്ലെന്നും പലരും വിമർശിക്കുമ്ബോഴും ഇന്ത്യക്കായി ഏറ്റവും വേഗത്തിൽ ഏകദിനത്തിൽ അർധ സെഞ്ചുറി നേടിയവരിൽ രണ്ടാം സ്ഥാനത്താണ് ദ്രാവിഡ്. 22 പന്തിൽ നിന്ന് ഫിഫ്റ്റിയടിച്ച താരം. 99 ലോകകപ്പിൽ 461 റൺസോടെ ടോപ് സ്കോററായതും ദ്രാവിഡ് തന്നെ. ഫോർമാറ്റനുസരിച്ച് കളിശൈലിയിൽ മാറ്റംവരുത്താനും സ്വയം നവീകരിക്കാനും അയാളോളം മികച്ച ക്രിക്കറ്റർ വേറെയില്ലെന്ന് തന്നെ പറയാം. ജീവിതത്തിൽ കളിച്ച ഒരേയൊരു അന്താരാഷ്ട്ര ടി20യിൽ തുടർച്ചയായി മൂന്ന് സിക്സറുകൾ പറത്തിയ താരം കൂടിയാണ ദ്രാവിഡ്.ക്യാപ്റ്റൻസിയിൽ ഒരുപിടി റെക്കോർഡുകൾ തന്നെ ദ്രാവിഡിൻറെ പേരിലുണ്ട്, ഏകദിനത്തിൽ ഇന്ത്യ കണ്ട എക്കാലത്തെയും മികച്ച ക്യാപ്റ്റന്മാരിൽ ഒരാളായ സൌരവ് ഗാംഗുലിയേക്കാളും മികച്ച വിന്നിങ് ആവറേജുണ്ട് ദ്രാവിഡിന്. 72 മത്സരങ്ങളിൽ 49 ലും ദ്രാവിഡ് ടീമിനെ വിജയിപ്പിച്ചു. ടെസ്റ്റിലാകട്ടെ 25 മത്സരങ്ങിൽ നിന്നായി എട്ട് വിജയവും 11 സമനിലകളും ദ്രാവിഡെന്ന നായകൻറെ പേരിലുണ്ട്.ഏകദിനത്തിൽ ചേസ് ചെയ്തു ജയിക്കുന്ന കാര്യത്തിൽ തുടർച്ചയായ 24 വിജയങ്ങളാണ് ദ്രാവിഡിൻറെ കീഴിൽ ഇന്ത്യ നേടിയത്. ഇത് ഇന്നും ലോകറെക്കോർഡാണ്. 2005 മുതൽ 2007 വരെയുള്ള രണ്ട് വർഷക്കാലം ഏറ്റവും കൂടുതൽ ഏകദിന വിജയങ്ങളിൽ ഇന്ത്യ ഓസ്ട്രേലിയക്ക് തൊട്ടുപിന്നിലെത്തിയതും(36 വിജയങ്ങൾ) ദ്രാവിഡിൻറെ ക്യാപ്റ്റൻസിയിലാണ്.പാകിസ്താനിലും ദക്ഷിണാഫ്രിക്കൻ മണ്ണിലും ടെസ്റ്റ് വിജയം നേടിയ ആദ്യ ഇന്ത്യൻ ക്യാപ്റ്റനും രാഹുൽ ദ്രാവിഡ് തന്നെയാണ്. 35 വർഷങ്ങളുടെ കാത്തിരിപ്പ് അവസാനിപ്പിച്ച് കരീബിയൻ മണ്ണിൽ ഇന്ത്യക്ക് ടെസ്റ്റ് പരമ്ബര നേടിക്കൊടുത്ത് ദ്രാവിഡ് ചരിത്രത്തിലിടം നേടി. 21 വർഷങ്ങൾക്ക് ശേഷം ഇംഗ്ലണ്ടിൽ ഇന്ത്യ ടെസ്റ്റ് പരമ്ബര സ്വന്തമാക്കുമ്ബോഴും ദ്രാവിഡ് ആയിരുന്നു ടീമിൻറെ നായകൻ.സച്ചിനും ലാറയും കാലിസും റിക്കി പോണ്ടിങ്ങും ജയവർധനെയും സങ്കക്കാരയും തുടങ്ങി ഒരുപിടി ക്രിക്കറ്റ് ഇതിഹാസങ്ങളുടെ കാലത്ത് ബാറ്റുകൊണ്ട് വിസ്മയം തീർത്ത പ്രതിഭയാണ് രാഹുൽ ദ്രാവിഡ്. സച്ചിനും ബ്രയാൻ ലാറയുമെല്ലാം അവരുടെ കരിയറിലെ ഏറ്റവും മികച്ച ഫോമിൽ ബാറ്റ് ചെയ്യുന്ന കാലത്ത് ഇവരെയെല്ലാം പിന്തള്ളി ടെസ്റ്റ് ക്രിക്കറ്റിൽ ലോക ഒന്നാം നമ്ബറിലെത്തിയ താരം. 2008 മാർച്ച് 29ന് ടെസ്റ്റിലും ഏകദിനത്തിലും പതിനായിരം റൺസെന്ന നേട്ടം ദ്രാവിഡ് സ്വന്തമാക്കുമ്ബോൾ അയാൾക്ക് മുൻപേ ആ നാഴികക്കല്ല് പിന്നിട്ടത് വെറും രണ്ടേ രണ്ട് പേരായിരുന്നു. സാക്ഷാൽ സച്ചിൻ തെണ്ടുൽക്കറും ബ്രയാൻ ലാറയും.അന്താരാഷ്ട്ര ക്രിക്കറ്റില് നിന്ന് വിരമിച്ച ശേഷവും ക്രിക്കറ്റിനെ വിട്ട് പിരിയാൻ ദ്രാവിഡ് തയ്യാറായില്ല. 2012ൽ കളി അവസാനിപ്പിച്ച ദ്രാവിഡ് 2015ലാണ് ഇന്ത്യയുടെ യുവനിരയെ വാർത്തെടുക്കാൻ കോച്ചിങ് സൈഡിലേക്ക് വരുന്നത്. അണ്ടർ 19 കോച്ചായി ആയിരുന്നു തുടക്കം. പിന്നീട് എൻ.സി.എ തലവനായും ഒപ്പം 'ഇന്ത്യ എ' ടീമിൻറെ കോച്ചായും ദ്രാവിഡ് തൻറ ദൌത്യം മനോഹരമയി മുന്നോട്ട് കൊണ്ടുപോയി. 2018ൽ അണ്ടർ 19 ക്രിക്കറ്റ് ലോകകിരീടം ഇന്ത്യ സ്വന്തമാക്കുമ്ബോൾ അതിന് ചുക്കാൻ പിടിച്ചത് ഈ പരിശീലകനായിരുന്നു.യുവനിരയെ എങ്ങനെ വാർത്തെടുക്കാം എന്നതിന് ഏറ്റവും മികച്ച ഉദാഹരണമായാണ് ക്രിക്കറ്റ് ലോകം ഈ കർണാടകക്കാരനെ വിലയിരുത്തുന്നത്. നാലു വർഷം കൊണ്ട് ഇന്ത്യയുടെ ജൂനിയർ ടീമിനെ ലോകത്തെ തന്നെ ഏറ്റവും കരുത്തുറ്റ ടീമാക്കുകയായിരുന്നു ദ്രാവിഡ്. ഈ കാലയളവിൽ ഇന്ത്യയുടെ ജൂനിയർ ടീം ലോകത്തെ മറ്റേതൊരു ടീമിനേക്കാളും മൽസരങ്ങളാണ് ഓരോ കലണ്ടർ വർഷവും പൂർത്തിയാക്കിയത്. ദേശീയ ക്രിക്കറ്റ് അക്കാദമിയുടെ ചീഫ് ആയും രാഹുൽ ദ്രാവിഡ് മികച്ച പ്രകടനം കാഴ്ചവെച്ചു. 2019ൽ ആണ് ദ്രാവിഡിനെ നാഷണൽ ക്രിക്കറ്റ് അക്കാദമിയുടെ മേധാവിയായി നിയമിക്കുന്നത്. ക്രിക്കറ്റ് അക്കാദമിയുടെ തലപ്പത്ത് ദ്രാവിഡ് വന്നതിന് പിന്നാലെ എൻ.സി.എയിലേക്കുള്ള ഫണ്ടിങ്ങും ജൂനിയർ ക്രിക്കറ്റ് ടീമിനായുള്ള പര്യടന പരിപാടികളും ബി.സി.സിഐ വർധിപ്പിച്ചു.ഒടുവിൽ ഇന്ത്യൻ സീനിയർ ടീമിൻറെ പരിശീലകസ്ഥാനത്തേക്കും ദ്രാവിഡിനെ നിയമിക്കാൻ ബി.സി.സി.ഐ തീരുമാനിച്ചു. സീനിയർ ക്രിക്കറ്റ് ടീമിൻറെ പരിശീലക സ്ഥാനം ഏറ്റെടുക്കാനുള്ള ബി.സി.സി.ഐയുടെ ഓഫർ ദ്രാവിഡ് ആദ്യമെല്ലാം പലതവണ നിരസിച്ചതാണ്. രവി ശാസ്ത്രിയുടെ കരാർ അവസാനിക്കുന്ന ഘട്ടമായപ്പോഴും അടുത്ത പരിശീലകനായി ദ്രാവിഡ് വരണമെന്നായിരുന്നു പല കോണുകളിൽ നിന്നുമുയർന്ന ആവശ്യം. ഇതു പരിഗണിച്ച് ബി.സി.സി.ഐ ദ്രാവിഡിനെ വീണ്ടും വീണ്ടും സമീപിക്കുകയായിരുന്നു. അപ്പോഴും ഓഫർ സ്നേഹത്തോടെ നിരസിക്കുന്നുവെന്നായിരുന്നു. ദ്രാവിഡിൻറെ മറുപടി.ഇന്ത്യയുടെ ജൂനിയർ ക്രിക്കറ്റ് ടീമിനായി ഇനിയും ഒരുപാട് കാര്യങ്ങൾ ചെയ്യാനുണ്ടെന്നായിരുന്നു ദ്രാവിഡ് സീനിയർ ടീമിൻറെ പരിശീലക സ്ഥാനത്ത് നിന്നും വിട്ടുനിൽക്കുന്നതിന് കാരണമായി ചൂണ്ടിക്കാണിച്ചുകൊണ്ടിരുന്നത്. പക്ഷേ ബി.സി.സി.ഐ രാഹുൽ ദ്രാവിഡ് എന്ന ദ്രോണാചാര്യരെ വിടാൻ തയ്യാറായിരുന്നില്ല.2017ലും ബി.സി.സി.ഐ സീനിയർ ടീമിന്റെ പരിശീലക സ്ഥാനം ഏറ്റെടുക്കാൻ ദ്രാവിഡിനെ സമീപിച്ചിരുന്നു. എന്നാൽ അന്ന് ആ ഓഫർ നിരസിച്ച ദ്രാവിഡ് ജൂനിയർ ക്രിക്കറ്റിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ തീരുമാനിക്കുകയായിരുന്നു. നേരത്തെ 2018-ൽ ദ്രാവിഡ് ഇന്ത്യയുടെ ബാറ്റിങ് കൺസൾറ്റന്റായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.2021 ഐ.പി.എൽ ഫൈനൽ കഴിഞ്ഞതിന് തൊട്ടുപിന്നാലെയാണ് ആൻറി ക്ലൈമാക്സ് സംഭവിച്ചത്. അന്നത്തെ ബിസിസിഐ പ്രസിഡൻറ് സൌരവ് ഗാംഗുലിയും സെക്രട്ടറി ജയ് ഷായും ദ്രാവിഡുമായി നടത്തിയ ചർച്ചയിലാണ് തീരുമാനമായത്.




EDITORS CHOICE






# അരവണ വിതരണം നിർത്തുന്നത് ശബരിമലയുടെ ചരിത്രത്തിലാദ്യം

**ശബരിമല :** ശബരിമലയുടെ ചരിത്രത്തിൽ ആദ്യമായാണ് അരവണ നിർമാണവും വിതരണവും നിർത്തിവെക്കുന്നത്. നിർമ്മാണവും വിതരണവും നിർത്തിവെച്ചതോടെ ബോർഡ് നേരിടുന്നത് വൻ പ്രതിസന്ധി .മകരവിളക്ക് ദിനത്തിൽ അടക്കം സന്നിധാനത്ത് എത്തുന്ന തീർത്ഥാടകരിൽ ബഹുഭൂരിപക്ഷത്തിനും അരവണ പ്രസാദം ലഭിക്കാതെ മലയിറങ്ങേണ്ടി വരും.അരവണ നിർമാണത്തിന് ഉപയോഗിച്ച ഏലയ്ക്കയിൽ അനുവദനീയമായ അളവിലും കൂടുതലായി കീടനാശിനിയുടെ സാന്നിധ്യം സ്ഥിരീകരിച്ച പശ്ചാത്തലത്തിൽ ഹൈകോടതിയുടെ നിർദേശത്തെ തുടർന്നാണ് ബുധനാഴ്ച വൈകിട്ട് അഞ്ച് മുതൽ അരവണ വിതരണം നിർത്തിവെച്ചത്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കൊച്ചിയിലെ ലാബിൽ നടത്തിയ പരിശോധനയിലാണ് അരവണ നിർമ്മാണത്തിന് ഉപയോഗിക്കുന്ന ഏലക്കയിൽ 14 ഇനം കീടനാശിനികളുടെ സാന്നിധ്യം സ്ഥിരീകരിച്ചത്.ഇക്കാര്യം ചൂണ്ടിക്കാട്ടി ഭക്ഷ്യ സുരക്ഷ നിലവാര അതോറിറ്റി ഹൈകോടതിയിൽ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നടപടി. അരവണ വിതരണം പാടേ നിർത്തിവെക്കേണ്ടി വന്നതോടെ വൻ വെല്ലുവിളിയാണ് ദേവസ്വം ബോർഡ് നേരിടുന്നത്. കീടനാശിനി ഇല്ലാത്ത ഏലക്ക പെട്ടെന്ന് എത്തിച്ച് അരവണ നിർമ്മാണം പുനരാരംഭിക്കുവാൻ ബോർഡ് അടിയന്തര നീക്കങ്ങൾ നടത്തുന്നുണ്ട്.എന്നാൽ ഇത് ഫലപ്രദമാകില്ല എന്നാണ് ലഭിക്കുന്ന സൂചന. ഈ സാഹചര്യത്തിൽ ഏലക്ക ചേർക്കാതെയുള്ള അരവണ നിർമാണത്തിനാണ് ബോർഡ് ലക്ഷ്യമിടുന്നുണ്ട്. മകരവിളക്കിനോട് അനുബന്ധിച്ച് വരും ദിവസങ്ങളിൽ ലക്ഷോപലക്ഷം തീർഥാടകരാണ് ശബരിമലയിലേക്ക് എത്തുന്നത്.ഇത്രയധികം തീർഥാടകർക്ക് ആവശ്യമായ അരവണ സമയബന്ധിതമായി നിർമ്മിക്കുക എന്നതാണ് ബോർഡ് നേരിടുന്ന പ്രധാന വെല്ലുവിളി. നിലവിലെ സാഹചര്യങ്ങൾ കണക്കിലെടുത്താൽ മകരവിളക്ക് ദിനത്തിലടക്കം അരവണ വിതരണം പാടെ താറുമാറാവാനാണ് സാധ്യത.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com